


# E-സ്വരം

## ഡിജിറ്റൽ മാഗസിൻ

## 2021-22

# ഗവ. ഡി വി എച്ച് എസ് എസ് ,ചാരമംഗലം

# ലിറ്റിൽ കൈറ്റ്സ്

## LK/2018/34013

## ഗവ.ഡി വി എച്ച് എസ്സ് എസ്സ്,ചാരമംഗലം

## ഡിജിറ്റൽ മാഗസീൻ

## സ്കൂൾ വിക്കിപേജ്

## സന്ദേശം



പി ആനന്ദൻ
ഹെഡ് മാസ്റ്റർ

ഈ - സ്വരം ആവിഷ്കാരത്തിന്റെ നവമുദ്ര

വിവര സാങ്കേതികത അറിവിന്റെ വിനിമയ വേഗം മാത്രമല്ല സാധ്യമാക്കുന്നത്. കാഴ്ചയും കേൾവിയും ഇഴയടുക്കുന്ന വിസ്മയമായി പഠനാനുഭവങ്ങളെ ഒരുക്കുകയും ചെയ്യുന്നു.

ഈ അനുഭവങ്ങളുടെ ആവിഷ്കാര ശ്രമങ്ങളാണ് ഈ - സ്വരം മാഗസിനിൽ തെളിയുന്നത്.

താളുകളുടെ രൂപകല്പന ,അക്ഷരശൈലിയുടെ തിരഞ്ഞെടുപ്പ്, ചിത്ര നിർമ്മിതി, ഫോട്ടോഗ്രാഫി ഇങ്ങനെ വിഭവങ്ങളുടെ ക്രമപെടുത്തലിൽ പരിഗണിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന നൈപുണികൾ ഏറെയാണ്.

നൈപുണി വികാസത്തിന്റെ സംയോജിത സാധ്യതകൾക്ക് ഈ-സ്വരം അരങ്ങാകുന്നു.

ഗവ.ഡി.വി.എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് ഈ-സ്വരം ഒരുക്കുന്നതിലൂടെ വിവര സാങ്കേതികതയുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ ഹൃദയത്തിലേറ്റ വാങ്ങുകയാണ്.

ലിറ്റിൽ കൈറ്റ്സിന്റെ ഈ അർത്ഥവത്തായ പഠന പ്രവർത്തനാവിഷ്കാരത്തിൽ അഭിമാനം കൊള്ളുന്നു.

ഒപ്പം ആശംസകൾ നേരുന്നു.

**സന്ദേശം**



**രശ്മി കെ**
**പ്രിൻസിപ്പാൾ**

കേരള ഗവൺമെന്റിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായി രാജ്യത്തിനു തന്നെ മാതൃകയായി മുന്നേറുകയാണ് ലിറ്റിൽ കൈറ്റ്സ് . കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹൈടെക്കായി മാറിയ സാഹചര്യത്തിൽ, ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും അവ പരിപാലിക്കുന്നതിനും കുട്ടികളെ സാങ്കേതികമായി സജ്ജരാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മാനുഷിക മൂല്യത്തിനോടൊപ്പം സാങ്കേതിക പരിജ്ഞാനമുള്ള ഒരു തലമുറയായിരിക്കണം നാളത്തെ ഭാരതത്തെ നയിക്കേണ്ടത്.ഈ ലക്ഷ്യം മുൻനിർത്തി വിവര സാങ്കേതിക രംഗത്ത് കുട്ടികളുടെ താൽപ്പര്യത്തെ പരിപോഷിപ്പിക്കുന്നതിനും, മാന്യവും സുരക്ഷിതവുമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും,സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനും ലിറ്റിൽ കൈറ്റ്സ് പ്രശംസനീയമായ സ്ഥാനം വഹിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ വളരെ മികവുറ്റ രീതിയിൽ നടക്കുന്നസ്കൂളാണ് നമ്മുടെ ഗവ. ഡി വി എച്ച് എസ് എസ് , ചാരമംഗലം . ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ' ഇ സ്വരം ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക തയ്യാറാവുകയാണ്. ഈ സംരംഭത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

## സന്ദേശം



**ഗീതാദേവി റ്റി ജി**

**ഹെഡ്മിസ്ട്രസ്( റിട്ട.)**

*2021-22 അധ്യയന വർഷത്തിലെ*

*ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന*

*E സ്വരം ഡിജിറ്റൽ മാഗസീൻ എന്ന സ്വപ്നം യഥാർത്ഥ്യമാവുകയാണ്.*

*കുട്ടികളുടെയും അധ്യാപകരുടേയും സാഹിത്യ*

*സൃഷ്ടികൾ കൊണ്ട് വർണ്ണാഭമാണ് ഈ പതിപ്പ്. കുട്ടികളുടെ*

*സാഹിത്യാഭിരുചിയും സാങ്കേതികവിദ്യയിലെ*

*വൈദഗ്ധ്യവും പരിപോഷിപ്പിക്കുക എന്നതാണ്*

*ഇതിന്റെ പരമപ്രധാനമായ ലക്ഷ്യം. ഈ സംരംഭത്തിന്*

*എല്ലാ വിധ പിന്തുണയും ആശംസകളും നേരുന്നു.*

*ഇതിന്റെ വിജയകരമായ പ്രവർത്തനത്തിന്*

*നേതൃത്വം നൽകിയ അധ്യാപകരെയും*

*വിദ്യാർത്ഥികളെയും*

*നന്ദിയോട് സ്മരിക്കുന്നു.*

## സന്ദേശം



**പി അക്ബർ**

**പി റ്റി എ,പ്രസിഡന്റ്**

**സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ ഒരു ചലനം സൃഷ്ടിച്ചു കൊണ്ട് മുന്നേറുന്ന ഈ കാലഘട്ടത്തിൽ, ഗവ. ഡി.വി.എച്ച് .എസ് എസ് , ചാരമംഗലത്തിലെ ലിറ്റിൽ കൈറ്റ് സിന്റെ ആഭിമുഖ്യത്തിൽ, വിദ്യാർഥികളുടേയും ടീച്ചേഴ്സിന്റേയും സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി , തയ്യാറാക്കപ്പെട്ടിരിക്കുന്ന 'E- സ്വരം ' എന്ന ഡിജിറ്റൽ മാഗസിന്**

***എന്റെ എല്ലാ വിധ ആശംസകളും നേരുന്നു....***

## എഡിറ്റോറിയൽ ബോർഡ്



**വർഷ എ**



**ഋതിക എം ആർ**



**ആകാശ് എ**



**ദേവദത്തൻ വി**



**ഷാജി പി ജെ, കൈറ്റ് മാസ്റ്റർ**



**വിജ്ജ പ്രിയ വി എസ്, കൈറ്റ് മിസ്ട്രസ്**

# ഉള്ളടക്കം


തണൽ മരം........8
എന്റെ ഗ്രാമം -കഞ്ഞിക്കുഴി........9
ഓർമ്മ........13
സ്റ്റീഫൻ വില്യം ഹോക്കിങ്ങ്........14
ഊർജ്ജ സംരക്ഷണം........17
പാതിരാമണൽ........19
മഹത് വചനങ്ങൾ........22
പുത്തനങ്ങാടിയുടെ കഥ........23
The Little Cycle -STUNTER........28
സ്വരം........29
മലയാളം പഴഞ്ചൊല്ലുകൾ........30
സന്ധ്യ........32
ഒറ്റക്കാലൻ കാക്ക........33
Marshal and the Golden turtle........35
മരുത്തോർവട്ടം........36
ഓർമ്മയിലെ ഓണം........40
Seven Rules in Our Life........41
ചിത്രജാലകം........42

# തണൽ മരം

ഇനി എൻ ക്രൂടെ ഇല്ല എൻ തണൽ മരം .....
മാഞ്ഞു പോയി എങ്ങോ മാഞ്ഞു പോയി....
എൻ ക്രൂടെയുണ്ടായിരുന്നൊരാ പൂമരം .....
മറഞ്ഞു പോയി ഇരുളിൽ മറഞ്ഞു പോയി .....
വെയിലിലും മഴയിലും എനിക്ക് തണലേകിയ
ആ പൂമരം
മറഞ്ഞു പോയി ... എങ്ങോ മാഞ്ഞു പോയി ...
ചൂടിൽ എൻ നെടുവീർപ്പ് അറിയും ആ
പൂമരംഇല്ല ഇനി എൻ ക്രൂടെയില്ലഇനി എന്നെ
ചേർത്തുപിടിക്കുകില്ലമറഞ്ഞു പോയി എങ്ങോ
മാഞ്ഞു പോയി .....




കൃഷ്ണ എച്ച് 10C

# എന്റെ ഗ്രാമം -കഞ്ഞിക്കുഴി



**നിരഞ്ജന കൃഷ്ണ VII B**

**ഭൂവിജ്ഞാനം**




വേമ്പനാട്ട് കായലിന് പടിഞ്ഞാറ് ഭാഗത്ത് ഒരു പുസ്തകത്താള് പോലെ ഇന്ന് കാണുന്ന ഈ പ്രദേശമാണ് കഞ്ഞിക്കുഴി എന്ന ഗ്രാമം. ആധുനികതയുടെയും പുരോഗമനത്തിന്റെയും വിഹായസ്സിലേക്ക് മുന്നോട്ട് ഉയരുന്ന ഈ കൊച്ചു ഗ്രാമം, പുരാതനകാലത്ത് കടലിൽ നിന്ന് ഉയർന്നു വന്ന ഒരു തിട്ടയാണ് ( പ്രദേശം )എന്ന് കരുതുന്നു. പരശുരാമൻ മഴുവെറിഞ്ഞ് കേരളം ഉണ്ടാക്കി എന്ന സങ്കല്പം പോലെയാണെങ്കിലും ഖനനത്തിനായി കുഴൽ കിണർ കുഴിക്കുമ്പോൾ കിട്ടുന്ന ചെളി മണ്ണും കടൽ കക്കയുടെ അവശിഷ്ടങ്ങളും ആ വാദത്തെ ബലപ്പെടുത്താൻ പര്യാപ്തമാണ്.കഞ്ഞിക്കുഴി ഉൾപ്പെട്ട ചേർത്തല താലൂക്ക് ഭാഗത്തിന്റെ രൂപം പോലും ഈ വാദത്തിന് ബലം നൽകുന്നതാണ്.ഒരുകാലത്ത് ചൊരിമണൽ പ്രദേശമായിരുന്ന ഈ ഇടം മനുഷ്യന്റെ അതിജീവനത്തിലൂടെ ജൈവകൃഷിയിടമായും സർവ്വ ജാതി മനുഷ്യർ സന്തോഷത്തോടെ അധിവസിക്കുന്നഭൂപ്രദേശമായിമാറി.

**സ്ഥലനാമ ചരിത്രം**

ചരിത്രസംഭവങ്ങൾ വാമൊഴിയിലൂടെ രൂപഭാവങ്ങൾ പകർന്നാണ് ഇന്നത്തെ കഞ്ഞിക്കുഴി എന്ന കൊച്ചു ഗ്രാമത്തിന് ആ പേരു പോലും ലഭിച്ചത് എന്നതാണ് യാഥാർത്ഥ്യം. ഇന്നത്തെ എസ് എൽ പുരം ജംഗ്ഷൻ കിഴക്കായി ഒരു വലിയ കുളവും അതിനോട് ചേർന്ന് ഒരു ഗോസ്വാമി പുരയും സംഭാര പുരയും ഉണ്ടായിരുന്നു. കണ്ടേ ലാറ്റ് മലന്മാർ എന്ന നമ്പൂതിരി വിഭാഗമാണ് ഇവയുടെ ഉടമസ്ഥർ എന്നു കരുതപ്പെടുന്നു. അവർക്ക് വിശാലമായ പാടങ്ങൾ ഉണ്ടായിരുന്നു. ഈ ഗ്രാമത്തിന്റെ ഭൂപ്രദേശത്തിന്റെ ഭൂരിഭാഗവും ചുറ്റുവേലി, കൊച്ചിനാകുളങ്ങര, ചാലിനാരായണപുരം ദേവസ്വങ്ങളുടേതായിരുന്നു .അന്നത്തെ ഗ്രാമവാസികളിൽ ഭൂരിഭാഗവും ഈ ഭൂമിയിലെ പാട്ട കുടിയന്മാർ ആയിരുന്നു. ആർക്കും തന്നെ സ്വന്തമായി ഭൂമി ഇല്ലായിരുന്നു എന്ന് സാരം . കുടിയാന്മാരെ അടിയാന്മാരായി കണ്ടിരുന്ന കാലം എന്ന് പറയേണ്ടതില്ലല്ലോ .?.ഈ ഭൂമിയിൽ കൃഷി ചെയ്തിരുന്ന കുടിയാന്മാർക്കായി മേൽപ്പറഞ്ഞ നമ്പൂതിരി കുലങ്ങൾ ഇടയ്ക്കിടക്ക് ഈ സംഭാര പുരയിലും ഗോസ്വാമി പുരയിലും അന്നദാനം നടത്തിയിരുന്നു.തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ ഈ കുടിയാന്മാർക്ക് പാത്രത്തിൽ കഞ്ഞി നൽകുവാൻ കഴിഞ്ഞിരുന്നില്ല. മണ്ണിൽ കുഴി കുഴിച്ച് അതിൽ താമരയില

വെച്ച് അതിൽ കഞ്ഞി നൽകുകയായിരുന്നു പതിവ് .ഇങ്ങനെ കഞ്ഞി വീഴ്ത്തിയ കുഴികൾ പിന്നീട് " കഞ്ഞികുഴി "ആയി മാറി എന്നതാണ് ചരിത്രം .

**നവോത്ഥാന മുന്നേറ്റങ്ങൾ**

ജാതിചിന്തയും തൊട്ടുകൂടായ്മയും കൊടികുത്തിവാണിരുന്ന ആ കാലഘട്ടത്തിലും ജില്ലയിൽ തന്നെ വ്യത്യസ്തമായി നിലനിന്ന പ്രദേശമാണ് കഞ്ഞിക്കുഴി .ഈ ഗ്രാമത്തിൻറെ വടക്കൻ പ്രദേശത്ത് ഈ വേർതിരിവുകൾ നിന്നപ്പോഴും നവോത്ഥാന ചിന്തകൾ കുറെയെങ്കിലും സ്വാധീനം ചെലുത്തിയിരുന്ന പ്രദേശമാണ് തെക്കൻ ഭാഗം. ഇന്നത്തെ പാപ്പാളി ക്ഷേത്രം നിലനിന്നിരുന്ന പ്രദേശം കോലാട്ടുനായർ തറവാട്ടുകാരുടെ കൃഷിയിടമായിരുന്നു .അവിടെ പുലയ സമുദായക്കാർ കൊയ്ത്തുത്സവം നടത്തിയിരുന്നു.ഈ ഉത്സവത്തിന് എണ്ണയും തിരിയും കൊടുത്തിരുന്നത് അടുത്ത് ഈഴവ കുടുംബമായ പാപ്പാളിക്കാരായിരുന്നു എന്നത് ഈ വാദഗതിക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

**സ്വാതന്ത്ര്യ സമര ചരിത്രം**

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായി. ഈ ആവേശം കഞ്ഞിക്കുഴിയിലെ ജനങ്ങളും ഏറ്റെടുത്തു.ടി കെ കരുണാകരൻ, വാസു ദേവ കർത്താവ് ,എം കെ കേശവൻ. തെക്കെ പുറത്ത് പത്മനാഭൻ എന്നിവർ സ്റ്റേറ്റ് കോൺഗ്രസിന്റെ ഭാഗമായി ദേശീയ പ്രസ്ഥാനത്തിലേക്ക് ഇറങ്ങിച്ചെന്ന് കൊണ്ട് കഞ്ഞിക്കുഴിയ്ക്ക് സ്വാതന്ത്ര്യസമര ചരിത്രത്തിലേക്ക് പ്രവേശനം നൽകി.

**തൊഴിലാളി പ്രസ്ഥാനങ്ങൾ**

അടിമകൾക്ക് തുല്യമായ ജീവിതമായിരുന്നു അന്നത്തെ കയർ, കർഷക തൊഴിലാളികൾ അനുഭവിച്ചിരുന്നത് ,സമസ്ത മേഖലയിലും തൊഴിലാളികൾ അവഗണനയും പീഡനവും പതിവായിരുന്ന ഈ അവസരത്തിലാണ് മുഹമ്മ തൊഴിലാളി യൂണിയൻ നിലവിൽ വന്നത് . പി കെ നാരായണനും, സി.കെ കുമാരപ്പണിക്കരുമാണ് ഇതിന് രൂപംകൊടുത്തത്.തൊഴിലാളികളുടെ സംഘം ചേരലും സമരവും സർ സിപി യും നാട്ടുപ്രമാണിമാരും അംഗീകരിക്കാതിരുന്ന സമയത്താണ് പുഴു നിറഞ്ഞ റേഷൻ അരി വിതരണത്തിനെതിരെ തൊഴിലാളികൾ സംഘടിക്കുകയും അവരുടെ നേതൃത്വത്തിൽ പ്രകടനം നടത്തിയതും എന്നത് ഓർക്കുക.സർ സിപി യും നാട്ടുപ്രമാണിമാരും മർദ്ദനമുറകൾ കൊണ്ട് നേരിട്ടെങ്കിലും അത്തരം സമരങ്ങൾ സംഘ ബോധത്തെ വളർത്തി എന്നതാണ് യാഥാർത്ഥ്യം.മലബാറിലും മറ്റും നടന്ന വിവിധ സമരങ്ങളെ തുടർന്ന് ഒളിവിലായ എകെജി യും പി കൃഷ്ണപിള്ളയും സങ്കേതങ്ങൾ ആയി തിരഞ്ഞെടുത്ത ഈ ഗ്രാമത്തെ തന്നെ എന്നതിൽ നമുക്ക് അഭിമാനിക്കാം.ഈ കൃഷ്ണപിള്ള കഞ്ഞിക്കുഴിയിലെ കണ്ണാർകാട് ചെല്ലികണ്ടത്തിൽ പി കെ നാണപ്പന്റെ വീട്ടിലാണ് ഒളിവിൽകഴിഞ്ഞത് .ഒളിവിലിരുന്ന് കൊണ്ട് തന്നെ ഈ പ്രദേശത്തെ ജനങ്ങളെ പുരോഗമന നവോത്ഥാന ബോധമുള്ളവരാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.അതിന്റെ ഫലമായിരിക്കാം ഈ കൊച്ചു ഗ്രാമത്തിലെ തെക്കുഭാഗം തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ലാതെ മാനവികതയുടെ മുഖമായി മാറിയത്എന്ന് നമുക്ക് കരുതാം.ഈ പ്രവർത്തനങ്ങൾക്കിടയിൽ സർപ്പ ദംശനം ഏറ്റ് ഈ മണ്ണിൽ തന്നെ കൃഷ്ണപിള്ള മരിക്കാനിടയായി അഥവാ ഈ മണ്ണ് പാവന ഭൂമിയായി മാറി എന്ന് സാരം.



**രാഷ്ട്രീയ മുന്നേറ്റങ്ങൾ**

പ്രായപൂർത്തി വോട്ടവകാശം, അമേരിക്കൻ മോഡൽ അറബിക്കടലിൽ, സ്വാതന്ത്ര്യ തിരുവിതാംകൂർ നയം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി തൊഴിലാളികൾ നടത്തിയ സമരങ്ങളെ

പട്ടാളത്തെ ഉപയോഗിച്ച് സർ സി പി അടിച്ചൊതുക്കി. പുന്നപ്ര വെടിവെയ്പ്പിനു ശേഷം പട്ടാളം വയലാർ ക്യാമ്പിലേക്ക് നീങ്ങുന്ന വിവരമറിഞ്ഞ തൊഴിലാളികൾ , അവരെ തടയാൻ മാരാരിക്കുളം പാലം പൊളിക്കുകയാണ് മാർഗ്ഗമെന്നുറച്ച് അതിനായി വാരിക്കുന്തവുമായി നീങ്ങി പട്ടാളമായി ഏറ്റുമുട്ടി. ഈ പോരാട്ടത്തിൽ പാടത്ത് രാമൻകുട്ടി , ആശാരി കുമാരൻ , തോട്ടുത്തു വെളി കുമാരൻ, പൊട്ടച്ചാൽ ഭാനു, മുഹമ്മ ശങ്കരൻ എന്നിവർ രക്തസാക്ഷികളായി.

**ആരാധനാലയങ്ങളുടെ ചരിത്രം-കുറ്റവേലി ക്ഷേത്രം**

കുറ്റവേലി ക്ഷേത്രത്തിൽ കുറ്റ വേലി ഭഗവതിയെ സ്നേഹത്തോടെയും ആദരവോടെയും വേലി കെട്ടി സംരക്ഷിച്ചിരുന്നതിന് അതിന്റെ ആദരവ് കാണിക്കുന്നതിനായി 'കുറ വേലി, എന്നറിയപ്പെട്ടു. പ്രാദേശിക ഭാഷയുടെ സ്പർശനത്താൽ കുറ്റവേലി എന്ന നാമത്തിന് വഴിമാറി. കുറ്റവേലി യുടെ ചരിത്രത്തെ വിളിച്ചോതുന്ന കുറ്റവേലി പ്രദേശവാസികളുടെ ഹൈന്ദവ ആരാധനാലയമാണ് കുറ്റവേലി ക്ഷേത്രം.

കുറ്റവേലി ശ്രീ ദുർഗ്ഗാ ദേവി ക്ഷേത്രം എന്നാണ് ഇതിന്റെ പൂർണ്ണനാമം. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് വടക്കൻ പ്രദേശങ്ങളിലെ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാനായി ബ്രാഹ്മണനും ഭഗവതിയും കുറ്റവേലി യുടെ സമീപപ്രദേശമായ മായത്തറ (ഇന്നത്തെ മായിത്തറ) എന്ന സ്ഥലത്തെത്തി. കാലക്രമേണ അവർ കുറ്റ വേലിയിലെത്തി. (ബ്രാഹ്മണ നോടൊപ്പം വടക്കൻ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന വിഗ്രഹത്തെ ആണ് ഇവിടെ ഭഗവതിയായി സൂചിപ്പിക്കുന്നത്). പിന്നീട് പ്രദേശവാസികൾ ഭഗവതിയെ കുറ്റവേലി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ആദ്യകാലങ്ങളിൽ ആനമറുത യായിരുന്നു ഇവിടത്തെ പ്രധാന പ്രതിഷ്ഠ. കാലക്രമേണ സമുദായസംഘടനകളും ക്ഷേത്ര ഭാരവാഹികളും ചേർന്ന് ക്ഷേത്രത്തെ ഉയർത്തിക്കൊണ്ടുവന്നു ക്ഷേത്രത്തിന്റെ നടത്തിപ്പിനായി കാലായ്ക്കൽ കുടുംബം മേലെ കുടുംബം വടക്കേടത്ത് കുടുംബം തുടങ്ങിയ കുടുംബങ്ങൾ നേതൃത്വം ഏറ്റെടുത്തു. ക്രമാനുഗതമായി ഉത്സവങ്ങളും അവർ നടത്തി.



**ഗവ. ദുർഗ വിലാസം ഹയർ സെക്കൻഡറി സ്കൂൾ**

കുറ്റവേലി ക്ഷേത്രത്തിന്റെ ചരിത്രം പിന്നീട് തുടക്കമിടുന്നത് കുറ്റവേലി സ്കൂൾഅഥവാ ദുർഗ വിലാസം ഹയർ സെക്കൻഡറി സ്കൂളിന്റെ തറക്കല്ലിടലാണ്. കുറ്റവേലി ഗ്രാമത്തിലുള്ള ആളുകൾക്ക് വിദ്യാഭ്യാസം നൽകണം എന്ന ലക്ഷ്യത്തോടുകൂടി വടക്കേടത്ത് കുടുംബത്തിന്റെ വകയായി ദുർഗ വിലാസം എൽപി സ്കൂൾ സ്ഥാപിതമായി. സ്കൂൾ നടത്തിക്കൊണ്ടു പോകുവാൻപറ്റാത്ത കാലത്ത് സർക്കാറിലേക്ക് ഒരു രൂപ പ്രതിഫലം നൽകുകയും സ്കൂൾ സർക്കാറിലേക്ക് കൊടുക്കുകയും ചെയ്തു. 1917 സ്ഥാപിക്കപ്പെട്ട ഈ സ്കൂൾ അധികാരികളുടെയും ചില സാമൂഹ്യ പ്രവർത്തകരുടെയും പ്രവർത്തനഫലമായി യുപിസ്കൂൾ ആവുകയും 1980 കളിൽ ഇത് ഹൈസ്കൂൾ ആവുകയും കാലക്രമേണ ഹയർ സെക്കൻഡറി സ്കൂൾ ആവുകയും ഇന്നത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയും ചെയ്തു . ആദ്യകാലങ്ങളിൽ ഓലമേഞ്ഞ ക്ലാസ്സുറികളും ഷിഫ്റ്റ് സമ്പ്രദായമായിരുന്നു ക്രമേണ അത് കോൺക്രീറ്റ് കെട്ടിടങ്ങളിലും ഹൈടെക് സ്ഥലങ്ങളിലേക്കും ഉയർന്നു.

**കാർഷിക സംസ് കൃതി**



വിദ്യാഭ്യാസരംഗത്ത് എന്നപോലെ കാർഷികരംഗത്തും കഞ്ഞിക്കുഴി നിവാസികൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട് പഴയകാലങ്ങളിൽ പേരുകേട്ട പച്ചക്കറികൾ കഞ്ഞിക്കുഴികാരുടെ സംഭാവനകളാണ് കഞ്ഞിക്കുഴി പയർ,കരപ്പുറംചേന കരപ്പുറം വെള്ളരിക്ക, കരപ്പുറം വെറ്റില, കരപ്പുറം കിഴങ്ങ്,

കരപ്പുറം പൂതിയുണർത്തി തുടങ്ങിയവയെല്ലാം അവയിൽ ചിലതുമാത്രം. കേരളത്തിനകത്തും പുറത്തുമായി കാർഷിക ബന്ധങ്ങൾ പുലർത്തിയിരുന്ന കഞ്ഞിക്കുഴി നാളികേര വിപണിയിൽ ഏറെ മുന്നിലായിരുന്നു. മറ്റു തെങ്ങുകളിൽ നിന്ന് വ്യത്യസ്തമായി ഉൾക്കാമ്പ് കൂടുതലുള്ളതും എണ്ണ ഉല്പാദനവും ഉള്ളതായിരുന്നു അത്. പൊതുവേ തീരപ്രദേശം ആണെങ്കിലും വളരെ വളക്കൂറുള്ള മണ്ണാണ് കഞ്ഞിക്കുഴി . പാടശേഖരങ്ങൾ കുറവാണെങ്കിലും മറ്റു കൃഷി ഇനങ്ങളിൽ വ്യക്തമായി വ്യക്തിമുദ്ര പതിപ്പിച്ചതിന് തെളിവാണ് സൂര്യകാന്തികൃ ഷി. മനുഷ്യർ പരമ്പരാഗത തൊഴിലുകളും കൃഷിയും ചെയ്താണ് ജീവിച്ചിരുന്നത് തികച്ചും ലളിതമായിരുന്നു ഇവരുടെ ജീവിതം.

ഒളിമ്പ്യൻ മനോജ് ലാൽ ,രഞ്ജിത്ത് മഹേശ്വരി തുടങ്ങിയ കായികതാരങ്ങൾക്കും കലാകാരന്മാർക്കും കഞ്ഞിക്കുഴി എന്ന ഗ്രാമം പിറവി നൽകിയിട്ടുണ്ട്.ആധുനികതയുടെ കൈപിടിച്ച് കഞ്ഞിക്കുഴി ഇനിയും ഉയരേണ്ടതുണ്ട്. അപ്പോഴും ചരിത്രം എന്നും ചരിത്രമായി തന്നെ നിൽക്കട്ടെ എന്ന് പ്രത്യാശിക്കാം.

# ഓർമ്മ

എന്നിലെ എന്നെ  മറന്നു ഞാൻ

മാഞ്ഞു പോയ ആ പഴയ കാലമോർത്തു കൊണ്ട്

വറ്റാത്ത നിൻ പലകഥകൾക്കും കതോരായിരുന്നു  ഞാൻ

അന്നത്തെ മധുരമാം ഓർമ്മകൾ ഇന്നെന്നിൽ പുതുമഴകുളിരേകുന്നു .....

പറയാൻ കൊതിച്ച ആ വാക്കുകൾ,ഇന്നുമെൻ നാവിൽ മുറുകുന്നു.

നെടുവീർപ്പിനിടയിലും  ഞാൻ ഓർക്കുന്നു ആ മധുരമായ കാലത്തെ,

കാലമെത്ര മാഞ്ഞാലും ചക്രവാളം മറഞ്ഞാലും .

ഓർമ്മകൾ പുതുപുലരി പോലെ എന്നിലുദിക്കുന്നു.

ഭജ്ജിപ്പൂ ഹാ ഭ്രുവിൽ നാഥനോട് എന്തിനി ഭ്രുവിൽ നിത്യ നിധാനമാം സ്നേഹത്തെ നീ സൃഷ്ടിച്ചു ...

റീജ ആന്റണി 9B



# സ്റ്റീഫൻ വില്യം ഹോക്കിങ്ങ്

( 8 ജനുവരി 1942 - 14 മാർച്ച് 2018)



ശ്രീദുർഗ്ഗ പി പ്രഭു VII B

**ആമുഖം**

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞനായിരുന്ന സ്റ്റീഫൻ വില്യം ഹോക്കിങ്ങ് .നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്നു ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ച ശാസ്ത്രവിഭാഗത്തിലെ ഡയറക്ടറായിരുന്നു അദ്ദേഹം. കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം (Brief History of Time)എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1966-ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് ആ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന് സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ് ടൈം എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദംസ് പ്രൈസ് ലഭിച്ചിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിത ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു. നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ അമയോട്രോപ്പിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന രോഗബാധിതനായിരുന്നു അദ്ദേഹം. 2018 മാർച്ച് 14 ന തന്റെ 76-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചവിവരംമക്കളായലൂസി,റോബർട്ട്എന്നിവർവാർത്താക്കുറിപ്പിലൂടെ അറിയിച്ചു.



**കുടുംബം**

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിൽ ഫ്രാങ്ക് (1905-1986), ഇസൊബെൽ ഹോക്കിങ്ങ് (നീ വാക്കർ, 1915-2013) എന്നിവരുടെ ആദ്യ മകനായി 1942 ജനവരി 8 നായിരുന്നു ഹോക്കിങ്ങ് ജനിച്ചത്. അദ്ദേഹത്തിന്റെ മാതാവ് സ് കോട്ട് ലന്റ് കാരിയായിരുന്നു. ഹോക്കിങ്ങിന് ഫിലിപ്പോ, മേരി എന്നീ രണ്ടു ഇളയസഹോദരിമാരും എഡ്വേർഡ് എന്ന ഒരു ദത്ത് സഹോദരനും ഉണ്ടായിരുന്നു.

**സ്കൂൾ വിദ്യാഭ്യാസം**

സെന്റ് അൽബൻസ് ഹൈസ്കൂളിലായിരുന്നു ഹോക്കിംങിന്റെ പഠനം. സ്കൂളിലായിരിക്കെ വായിക്കാൻ പഠിക്കുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന് കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. പിന്നീട് ഹാർഡിംഗ് ഹെർട്ട് ഫോർഡ് ഷെയറിലെ റഡ്ലെറ്റ് ഗ്രാമത്തിലെ ഒരു സ്വതന്ത്ര വിദ്യാലയമായ റഡ്ലെറ്റ് സ്കൂളിൽ ഹോക്കിംങ് ചേർന്നു. ഉയർന്ന നിലവാരമുണ്ടായിരുന്ന വെസ്റ്റ്മിൻസ്റ്റർ സ്കൂളിൽ മകനെ ചേർക്കാൻ അച്ഛൻ ആഗ്രഹിച്ചിരുന്നുവെങ്കിലും, 13 കാരനായിരുന്ന ഹോക്കിംങിന് സ്കോളർഷിപ്പ് പരീക്ഷയുടെ ദിവസം അസുഖം ബാധിച്ചു. സ്കോളർഷിപ്പ് വഴിയുള്ള സാമ്പത്തിക സഹായമില്ലാതെ അദ്ദേഹത്തിന്റെ കുടുംബത്തിന് സ്കൂൾ ഫീസ് കൊടുക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ ഹോക്കിംങ് സെന്റ് അൽബനിൽ താമസിച്ചു.

അടുത്ത കൂട്ടുകാരുമായി ബന്ധം പുലർത്താനും ബോർഡ് ഗെയിമുകൾ കളിക്കുവാനും വിമാനത്തിന്റെയും ബോട്ടുകളുടേയും മാതൃകകൾ, ക്രിസ്തുമതം, ആതീന്ദ്രിയജ്ഞാനം എന്നിവ സംബന്ധിച്ച നീണ്ട ചർച്ചകൾ എന്നിവ ആസ്വദിക്കാൻ ഇതിലൂടെ ഹോക്കിംങിന് സാധിച്ചു എന്നതാണ് ഇതുകൊണ്ടുണ്ടായ ഗുണം 1958 ൽ അവർ ഗണിതശാസ്ത്ര അദ്ധ്യാപകനായ ദികൺ തഹ്തയുടെ സഹായത്തോടെ പഴയ ഘടികാരഭാഗങ്ങൾ, പഴയ ടെലിഫോൺ സ്വിച്ച് ബോർഡ്, പുനരുപയോഗിക്കാൻ കഴിയുന്ന മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കംപ്യൂട്ടർ നിർമ്മിച്ചു.

**തൊഴിലും ഗവേഷണവും**

ബ്രേക്ക് ത്രൂ ഇനിഷ്യേറ്റീവ് എന്ന അന്യഗ്രഹ ജീവൻ തേടുന്ന വമ്പൻ ഗവേഷണ പദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തു. ഹോക്കിങ്ങ് ആൽബർട്ട് ഐൻസ്റ്റീനു ശേഷം ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗൽഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്ന പേരിനർഹമായി മാറി രണ്ടുപേരുടെയും ഐ ക്യൂ നിലവാരം 160 ആണെന്നാണ് ഇതിനെപ്പറ്റി പഠനം നടത്തിയവർ കണ്ടെത്തിയത്. Brief History of Time എന്ന പുസ്തകം സ്റ്റീഫൻ ഹോക്കിങ്ങിനെ ലോകപ്രശസ്തനാക്കി. ദ യൂണിവേഴ്സ് ഇൻ എ നട്ട്ഷെൽ, മകൾ ലൂസിയുമായി ചേർന്ന കുട്ടികൾക്കായി അദ്ദേഹം എഴുതിയ ജോർജ്ജ്സ് സീക്രട്ട് കിറ്റു ദ യൂണിവേഴ്സ് ദ ഗ്രാൻഡ് ഡിസൈൻ, ബ്ലാക്ക് ഹോൾസ് ആൻഡ് ബേബി യൂണിവേഴ്സ്, ഗോഡ് ക്രിയേറ്റഡ് ദ ഇന്റിജേഴ്സ്, മൈ ബ്രീഫ് ഹിസ്റ്ററി തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്. സ്കെയിൽ സ്ട്രക്ചർ ഓഫ് റിലേറ്റിവിറ്റി എന്നിവയാണു മറ്റു പ്രധാന രചനകൾ

**ജീവിതരേഖ**

1942 ജനവരി 8 ന് ഓക്സ്ഫോർഡിലാണ് സ്റ്റീഫൻ ഹോക്കിങ് ജനിച്ചത്. ജീവശാസ്ത്ര ഗവേഷകനായിരുന്ന ഫ്രാങ്ക് ഹോക്കിൻസും ഇസബെൽ ഹോക്കിൻസുമായിരുന്നു മാതാപിതാക്കൾ. പതിനൊന്നാം വയസ്സിൽ സ്റ്റീഫൻ ഇംഗ്ലണ്ടിലെ ഹെർട്ട്ഫോർഡ്ഷെയറിലെ സെന്റ് ആൽബൻസ് സ്കൂളിൽ ചേർന്നു. മകനെ ഡോക്ടറാക്കാനായിരുന്നു മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നതെങ്കിലും സ്റ്റീഫൻ ഹോക്കിങ്ങിന് ഗണിതത്തിലും ഭൗതികശാസ്ത്രത്തിലുമായിരുന്നു താത്പര്യം. 17-ആം വയസ്സിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന്

ഭൗതികശാസ്ത്രത്തിൽ ബിരുദം നേടി. 21-ആം കേംബ്രിഡ്ജിൽ ഗവേഷണ ബിരുദത്തിന പഠിച്ചുകൊണ്ടിരിക്കുന്നതിനിടെയാണ് കൈകാലുകൾ തളർന്ന പോകാൻ കാരണമായ അമയോട്രോപ്പിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന നാഡീരോഗം അദ്ദേഹത്തെ ബാധിച്ചത്. കൈകാലുകൾ ചലിപ്പിക്കാനാവാത്ത അവസ്ഥയിലും സഹപ്രവർത്തകരുടെ പിന്തുണ അദ്ദേഹത്തിന് ആത്മവിശ്വാസം പകർന്നു. ഗവേഷണ ബിരുദം നേടിയ ശേഷം 1965-ൽ ജെയ്ൻ വൈൽഡിനെ വിവാഹം കഴിച്ചു. ലൂസി, തിമോത്തി റോബർട്ട് എന്നീ മൂന്ന മക്കൾ ആയിരുന്ന അവർക്ക് ഉണ്ടായിരുന്നത്. ജെയിൻ വൈൽഡുമായുള്ള ബന്ധം പിരിഞ്ഞശേഷം എലെയ്ൻ മേസൺ എന്ന നഴ്സിനെ അദ്ദേഹം വിവാഹം കഴിച്ചു.

ഗവേഷണ മേഖലകൾ

നാസയുടെ 50ാം വാർഷിക പ്രഭാഷണം സൈദ്ധാന്തിക ജ്യോതിശാസ്ത്രമാണ് ഹോക്കിൻസിന്റെ മുഖ്യ ഗവേഷണ മേഖല.

നാശോന്മുഖമായ നക്ഷത്രങ്ങൾ അഥവാ തമോഗർത്തങ്ങളുടെ പിണ്ഡം,ചാർജ്ജ് കോണിയസംവേഗബലം എന്നിവയെ കുറിച്ചായിരുന്ന അദ്ദേഹത്തിന്റെ തുടർപഠനങ്ങൾ ഭീമമായ ഗുരുത്വാകർഷണബലമുള്ള ചില വികിരണങ്ങൾ ഗുരുത്വാകർഷണ തമോഗർത്തങ്ങൾ പുറത്തുവിടുന്നണ്ടെന്ന് അദ്ദേഹം തെളിയിച്ചു

1974- ൽ റോയൽ സൊസൈറ്റിയിൽ അംഗമായി. 1979 മുതൽ 30 വർഷം വരെ കേംബ്രിജ് സർവകലാശാലയിൽ അപ്ലൈഡ് മാത്തമാറ്റിക്സ് ആൻഡ് ഫിസിക്സ് വിഭാഗത്തിൽ ല്യൂക്കേഷ്യൻ പ്രഫസറായി. ഐസക് ന്യൂട്ടൻ വഹിച്ചിരുന്ന പദവിയാണത് തിയറി ഓഫ് ഓഫ് എവരിതിങ് എന്ന പേരിൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സംബന്ധിച്ച് സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. 2004 ജൂലൈയിൽ ഡബ്ലിനിൽ ചേർന്ന രാജ്യാന്തര ഗുരുത്വാകർഷണ പ്രപഞ്ചശാസ്ത്ര സമ്മേളനത്തിൽ തമോഗർത്തങ്ങളെക്കുറിച്ച് അന്നവരെ താൻ ഉൾപ്പെടെയുള്ളവർ വിശ്വസിച്ചിരുന്ന പലധാരണകളെയും തിരുത്തുന്ന പുതിയ സിദ്ധാന്തം അദ്ദേഹം അവതരിപ്പിച്ചു.

ദൃശ്യ പ്രപഞ്ചത്തിൽ നിന്നും ശാഖകളായി പിരിയുന്ന ശിശു പ്രപഞ്ചങ്ങൾ എന്ന ആശയവും ഹോക്കിങ് അവതരിപ്പിച്ചു. അടുത്ത കാലത്തു ബ്ലാക് ഹോളുകൾ ഇല്ലെന്നും പകരം ഗേഹോളുകൾ ആണുള്ളതെന്നും ഉള്ള നിഗമനം അവതരിപ്പിച്ച സ്റ്റീഫൻ ഹോക്കിങ് വീണ്ടും ശാസ്ത്രലോകത്തെ അമ്പരപ്പിച്ചു. അന്യഗ്രഹജീവൻ തേടുന്ന വമ്പൻ ഗവേഷണപദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തു.

**ഗ്രന്ഥങ്ങൾ**

A brief History of Time

Black Holes and Baby Universes and Other Essays

Universe in Nutshell

On The Shoulders of Giants.

The Great Works of Physics and Astronomy

George's secret key to the universe

ഗവ. ഡി വി എച്ച് എസ് എസ് ,ചാരമംഗലം

# ഊർജ്ജ സംരക്ഷണം

അഖില എസ് +1
സയൻസ്

ഊർജ്ജ മില്ലാത്ത ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ പറ്റുമോ ? അതെ നമ്മുടെ ജീവിതത്തിൽ ഊർജ്ജത്തിന് ഒരു പ്രധാന പങ്കുണ്ട്. എന്തിനധികം പറയുന്ന നമുക്ക് ഇങ്ങനെ ചിന്തിക്കുന്നതിനും വേണം കുറച്ച് ഊർജ്ജം . ഊർജ്ജത്തിന്റെ പല പല ഭാവങ്ങളാണ് നിത്യജീവിതത്തിലെ ഓരോ പ്രവർത്തിയിലും അടങ്ങിയിട്ടുള്ളത്.




ആഹാരം പാകം ചെയ്യുന്നതിനും , വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ചലിക്കുന്നതിനും അങ്ങനെ ഓരോ കാര്യങ്ങൾക്കും ഊർജ്ജം അത്യന്താപേക്ഷിതമാണ്. നമ്മുടെ ഓരോരുത്തരുടേയും വീടുകളിൽ ഒരു സാധാരണ ദിവസം ഉപയോഗിക്കുന്ന ഊർജ്ജം അല്ലെങ്കിൽ അവ ലഭിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ ഏതെല്ലാമെന്ന് നോക്കാം. വൈദ്യുതി, സോളാർ ഊർജ്ജം, കാറ്റിന്റെ ഊർജ്ജം , താപം, മുതലയായ സ്ഥിരമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകളാണ്.

ബൾബ് തെളിയിക്കാതെയുള്ള ഒരു ദിനമോ, ഫാൻ പ്രവർത്തിപ്പിക്കാത്ത ഒരു ദിനമോ ഇന്നത്തെ കാലാവസ്ഥയിൽ തികച്ചും അന്യമാണ്. പ്രകൃതിവാതകവും, വൈദ്യുതിയുമാണ് പ്രധാനമായി നാം ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ . ഈ സ്രോതസ്സുകൾ ഉപയോഗിച്ച് തന്നെ നമ്മുടെ വീട്ടിലെ ഒട്ടുമിക്ക കാര്യങ്ങൾക്കുമുള്ള ഊർജ്ജ ലഭ്യത സാധ്യമാകുന്നുണ്ട്. ഊർജ്ജമില്ലാത്ത ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ പറ്റുമോ ? അതെ നമ്മുടെ ജീവിതത്തിൽ ഊർജ്ജത്തിന് ഒരു പ്രധാന പങ്കുണ്ട്. എന്തിനധികം പറയുന്ന നമുക്ക് ഇങ്ങനെ ചിന്തിക്കുന്നതിനും വേണം കുറച്ച് ഊർജ്ജം . ഊർജ്ജത്തിന്റെ പല പല ഭാവങ്ങളാണ് നിത്യജീവിതത്തിലെ ഓരോ പ്രവർത്തിയിലും അടങ്ങിയിട്ടുള്ളത്.



ആഹാരം പാകം ചെയ്യുന്നതിനും , വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ചലിക്കുന്നതിനും അങ്ങനെ ഓരോ കാര്യങ്ങൾക്കും ഊർജ്ജം അത്യന്താപേക്ഷിതമാണ്. നമ്മുടെ ഓരോരുത്തരുടേയും വീടുകളിൽ ഒരു സാധാരണ ദിവസം ഉപയോഗിക്കുന്ന ഊർജ്ജം അല്ലെങ്കിൽ അവ ലഭിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ ഏതെല്ലാമെന്ന് നോക്കാം. വൈദ്യുതി, സോളാർ ഊർജ്ജം, കാറ്റിന്റെ ഊർജ്ജം , താപം, മുതലയായ സ്ഥിരമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകളാണ്.

നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഫാനും ബൾബും ഇലക്ട്രോണിക് ഉപകരണങ്ങളും പാചക വാതകവും എല്ലാം എന്നത്തേക്കും നിലനിൽക്കണമെങ്കിൽ ഊർജത്തെ നാം സംരക്ഷിക്കുക തന്നെ വേണം. പെട്രോളിയം ഉല്പന്നങ്ങളുടെ ഊർജപ്രതിസന്ധി സമൂഹത്തിൽ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും, വീട്ടിൽ നിന്നു തന്നെ ഓരോ ഊർജത്തെയും ഫലപ്രദമായി എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഓരോ മനുഷ്യനും ചിന്തിക്കേണ്ടത് അത്യാവശ്യമാണ്.

വീടുകളിലെ ഊർജസംരക്ഷണത്തിനായുള്ള ചില പരിഹാര മാർഗങ്ങൾ ഏതൊക്കെയെന്ന് നോക്കാം. ഉപയോഗ ശേഷം ബൾബും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും ഓഫാക്കുക. ഇതുവഴി ഊർജ സംരക്ഷണവും പണലാഭവും സാധ്യമാകുന്നുണ്ട്. സാധാരണ ബൾബുകൾക്ക് പകരമായി LED ബൾബ് ഉപയോഗിക്കുക. ഇവ 75 % കുറച്ച് ഊർജമാണ് ഉപയോഗിക്കുന്നത്. കൂടുതൽ ഉപകരണങ്ങൾ ഒരുമിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുന്ന പവർസ്ട്രിപ്പുകളുടെ ഉപയോഗവും പ്രയോജനകരമാണ്. വീടുകളിലെ കമ്പ്യൂട്ടറുകൾ ഉപയോഗ ശേഷം ഓഫാക്കുക. കുറച്ച് സമയത്തെ അനാവശ്യ ഉപയോഗം കൊണ്ട് ധാരാളം ഊർജം പാഴാകുന്നുണ്ട്. പുനർനിർമ്മിക്കാൻ കഴിയുന്ന ഊർജ സ്രോതസ്സുകളുടെ ഉപയോഗം ഒരു പരിധി വരെ ഊർജപ്രതിസന്ധി കുറയ്ക്കുന്നു. ഭിത്തികൾക്ക് ഇളം നിറങ്ങൾ നൽകുന്നതു വഴി പ്രകാശത്തെ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു. കൂടാതെ വേനൽക്കാലത്ത് ഇത്തരം നിറങ്ങൾ കൂടുതൽ താപത്തെ ആഗീരണം ചെയ്യുന്നതുമില്ല.

ഊർജത്തെ ഫല പ്രദമായി ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളായ ചൂടാറാപ്പെട്ടി, പ്രഷർ കുക്കർ എന്നിവയുടെ ഉപയോഗവും ഫ്രിഡ്ജ്, ഓവൻ എന്നിവയുടെ യുക്തിപൂർവമായ ഉപയോഗവും വീടുകളിൽ ഊർജ നഷ്ടത്തെ തടയുന്നു.

വീടുകളിലെ വയറിങ്ങിന്റെ ഗുണമേന്മയും ഊർജ നഷ്ടത്തെ തടയാൻ സഹായിക്കുന്നുണ്ട്. ജലത്തിന്റെ യുക്തിസഹമായ ഉപയോഗവും ഊർജനഷ്ടം തടയാൻ സഹായിക്കും.

സൗരോർജം പരമാവധി പ്രയോജനപ്പെടുത്തുക, ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, പൊതുയാത്രാസൗകര്യങ്ങൾ കഴിയുന്നത്ര ഉപയോഗിക്കുക, പുതിയ വീടുകൾ നിർമിക്കുമ്പോൾ വലിപ്പം പരിമിതപ്പെടുത്തുക, യന്ത്രങ്ങൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുക, ക്ഷമത കൂടിയ യന്ത്രങ്ങൾ ഉപയോഗിക്കുക എന്നിവയെല്ലാം ഊർജപ്രതിസന്ധി ലഘൂകരിക്കാനായി അവലംബിക്കാവുന്ന മാർഗങ്ങളാണ്.

ജീവിതത്തിൽ അത്യാവശ്യമായ ഊർജ്ജത്തെ വീട്ടിൽ നിന്ന് തന്നെ സംരക്ഷിക്കാൻ തുടങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മുടെ ദിനചര്യ പോലെ വീട്ടു ഉപകരണങ്ങളെ ബോധപൂർവ്വം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്. ഊർജത്തെ സംരക്ഷിക്കുന്നത് പുതുതായി ഊർജ്ജം നിർമ്മിക്കുന്നതിന് തുല്യമാണ്.ഓരോ വീട്ടിലും ആരംഭിക്കുന്ന മാറ്റങ്ങൾ സമൂഹത്തിൽ ഒരു മാറ്റം ഉണ്ടാക്കാൻ സഹായകരമാകും.

# പാതിരാമണൽ



സൂര്യ എസ് XB

ആമുഖം

ആലപ്പുഴ ജില്ലയിലെ വേമ്പനാട്ട് കായലിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ദ്വീപാണ് പാതിരാമണൽ.കോട്ടയം ആലപ്പുഴ ജില്ലകളുടെ അതിർത്തിയിലാണ് ദ്വീപ് സ്ഥിതി ചെയ്യുന്നത്.ധാരാളം മരങ്ങളും സസ്യങ്ങളും തെങ്ങുകളും നിറഞ്ഞതാണ് ഈ ദ്വീപ്.കുമരകം - മുഹമ്മ ജല പാതയിൽ സ്ഥിതി ചെയ്യുന്നത് കൊണ്ട് ഈ ദീപ് ബോട്ടുസഞ്ചാരികൾക്ക് ഒരു മനോഹരമായ കാഴ്ച ഒരുക്കുന്നു.ദേശാടന പക്ഷികളുടെ വാസസ്ഥലം കൂടിയായ പാതിരാമണൽ പക്ഷി നിരീക്ഷകരുടെ പറുദീസയാണ്.




ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ആലപ്പുഴ ജില്ലയിൽ മുഹമ്മ ഗ്രാമപഞ്ചായത്തിലാണ് പാതിരാമണൽ സ്ഥിതി ചെയ്യുന്നത്.ഇവിടെ ധാരാളം പക്ഷികളും സസ്യജാലങ്ങളും കൊണ്ട് സമ്പന്നമായ ഈ പ്രദേശം പക്ഷി നിരീക്ഷകരുടെ പറുദീസയാണ്.മുഹമ്മ ബോട്ട് ജെട്ടിയിൽ നിന്ന് ഒന്നര കിലോമീറ്റർ അകലെയും ,ആലപ്പുഴയിൽ നിന്ന് 13 കിലോമീറ്റർ അകലെയുമാണ് പാതിരാമണൽ ദ്വീപ്.ദ്വീപിൽ  ബോട്ടിലൂടെയോ വള്ളത്തിലൂടെയും മറ്റും മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ.ഈ ദ്വീപ് അനന്തപത്മനാഭൻ തോപ്പ് എന്നും അറിയപ്പെടുന്നു.പാതിരാമണൽ ദ്വീപ് 28.505 ഹെക്ടറാണ്.പാതിരാമണലിൽ ഏകദേശം 90 ഇനം പക്ഷികളും 30 ഇനം ചിത്രശലഭങ്ങളും ഉണ്ട് .ദ്വീപിൽ ഏകദേശം 160 ഇനം ചെടികളും 55 ഇനം മത്സ്യങ്ങളും 20 ഇനം ചിലന്തികളുമുണ്ട് .ആലപ്പുഴ ജില്ലയിലെ പ്രാദേശിക ജൈവവൈവിധ്യ സൈറ്റ് ടാഗ് ലഭിച്ചിരുന്നു.

സ്ഥാനം :



വേമ്പനാട്ടുകായലിൽ

അക്ഷാംശം : 9.618691, രേഖാംശം : 76.384885

പാതിരാമണലിലെ സസ്യങ്ങൾ

ധാരാളം സസ്യങ്ങളാൽ നിറഞ്ഞതാണ് പാതിരാമണൽ.കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ഈ ദ്വീപിനെ പ്രകൃതിയുടെ നിധി എന്നാണ് വിശേഷിപ്പിച്ചത്.അപൂർവ ഇനങ്ങളിൽ പെടുന്ന ഒട്ടേറെ സസ്യങ്ങൾ പാതിരാമണലിൽ ഉണ്ട് .കെ എസ് ബി ബിയുടെ റിപ്പോർട്ട് അനുസരിച്ച് ഈ ചെറിയ ദ്വീപ് ശുദ്ധജലത്തിൽ വളരുന്ന നാലുതരം കണ്ടൽക്കാടുകളും ,160 ഇനം പൂച്ചെടികളും കളും 9 തരം ഫെണുകളും (പൂക്കളില്ലാത്ത ചെടികൾ) ഉണ്ട് .അവയിൽ 52 മരങ്ങളും 21 കുറ്റിചെടികളും 72 നം ചെറിയ ചെടികളും 13 വള്ളികളും ആണ് .

അപൊനോ ഗെറ്റൺ അപ്പെൻഡി ക്യൂലറ്റസ് പോലുള്ള അപൂർവ്വ സസ്യങ്ങൾ ഈ ദ്വീപിൽ വളരുന്നു.ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച റെഡ് ഡാറ്റാ ബുക്ക് ഓഫ് ഇന്ത്യൻ പ്ലാൻറ് ഈ ചെടിയെ ഭീഷണി നേരിടുന്ന ഇനമായി പട്ടിക പെടുത്തിയിട്ടുണ്ട്.മറ്റ് അപൂർവ്വ സസ്യങ്ങൾ ആയ ജിഗാന്റിയൻ, ഫ്ലാഗെല്ലാരിയ ഇൻഡിക്ക ,കണ്ടൽകാടുകൾ എന്നിവ ഇവിടെ കാണപ്പെടുന്നു.

ദ്വീപിലെ പക്ഷിമൃഗാദികൾ



സസ്യങ്ങൾ മാത്രമല്ല ഒത്തിരി പക്ഷിമൃഗാദികളും ദ്വീപിൽ ഉണ്ട് .ലോകത്തിൻറെ പലയിടങ്ങളിൽ നിന്നും പക്ഷികൾ ഇവിടെ ധാരാളം എത്തിച്ചേരുന്നു .പക്ഷികളുടെ വാസസ്ഥലം ആണ് പാതിരാമണൽ ദ്വീപും, കുമരകം പക്ഷിസങ്കേതം.ഈ ദ്വീപിൽ ഏകദേശം 90 പക്ഷികളും 30 ന് ചിത്രശലഭങ്ങളും ഉണ്ട് .ദ്വീപിനടുത്തുള്ള വെള്ളത്തിൽ മത്സ്യങ്ങൾ ഉൾപ്പെടെ 120 നം ജലജീവികൾ ഉണ്ട് .അഞ്ചു തരം സസ്തനികൾ ദ്വീപിൽ വസിക്കുന്നു.അതിൽ 18 ഇനം ഉഭയ ജീവികളാണ് , 89 പക്ഷിയിനങ്ങൾ, 106 ചിത്രശലഭം ഇനങ്ങളും 18 ഇനം ഡ്രാഗൺ ഫ്ലൈ കളും ഉണ്ട് . ഡാർട്ടർ, ഇന്ത്യൻ ഷാഗ്, പർപ്പിൾ ഹെറോൺ, ഇന്ത്യൻ പൗണ്ട് ഹെറോൺ, ലാർജ് കോർ മോറന്റ്, നൈറ്റ് ഹെറോൺ, ചെസ്റ്റ് നട്ട് ബിറ്റേൺ, യെല്ലോ ബിറ്റേൺ, ലിറ്റിൽ എഗ്രറ്റ്, മീഡിയൻ എഗ്രറ്റ്, ലാർജ് എഗ്രറ്റ്, ബ്രോൻസ് -വിങ്ഡ് ജക്കാനസ്, സ്റ്റോർക്ക് - ബിൻഡ് കിംഗ്ഫിഷർ, വിസിൽ ഡക്ക് എന്നിങ്ങനെ ഒട്ടേറെ പക്ഷികൾ ദ്വീപിലുണ്ട്.

ഐതീഹ്യങ്ങളിലൂടെ

പാതിരാമണൽ എന്ന പേരിന്റെ അർത്ഥം 'രാത്രി മണൽ' എന്നാണ്.പണ്ട് ഒരു രാത്രിയിൽ പ്രസിദ്ധ ബ്രാഹ്മണനായ വില്വമംഗലം സ്വാമിയാർ വേമ്പനാട്ടുകായലിൽ സ്നാനം ചെയ്യുവാൻ വന്നപ്പോൾ കായൽ രണ്ടായി പിളർന്നു.ആ പിളർപ്പിൽ നിന്നും ദ്വീപ് രൂപംകൊണ്ടു എന്ന് പറയപ്പെടുന്നു . എന്നാൽ ഇങ്ങനെയല്ല വില്വമംഗലത്ത് സ്വാമിയാർ കായലിൽ യാത്ര ചെയ്തപ്പോൾ മന്ത്രികപരമായി നിർമ്മിച്ചതാണ് പാതിരാമണൽ എന്നും പറയപ്പെടുന്നു.

ചരിത്രവും ജനജീവിതവും

പാതിരാമണൽ ദ്വീപുമായി ബന്ധപ്പെട്ട വേറെ ചരിത്രങ്ങളും ഉണ്ട് . ആദ്യ കാലങ്ങളിൽ ദ്വീപ് പറയി തരകൻ എന്ന ഭൂവുടമയുടേതായിരുന്നു. പിന്നീട് കൊച്ചിയിലെ ഭീംജി ദേവ്ജി ട്രസ്റ്റിന്റെ കിഴിലായി. പോർച്ചുഗീസുകാരുടെ വരവോട്ടു കൂടി പാതിരാമണൽ ദ്വീപ് ഷെവലിയാർ എസി എം അന്ത്രാപ്പാരുടെ ഉടമസ്ഥതയിലായി.

ഗവ. ഡി വി എച്ച് എസ് എസ് ,ചാരമംഗലം

എഴുപതുകളുടെ അവസാനം വരെ തൈ മറ്റത്തിൽ കുടുംബത്തിന്റെ സ്വകാര്യ ഉടമസ്ഥതയിലായിരുന്നു. എന്നാൽ പിന്നിട് ദ്വീപ് തിരുവിതാംകൂർ രാജാക്കന്മാരുടെ കീഴിലായിരിന്നു എന്നും പറയുന്നു.

എഴുപതുകളുടെ അവസാനം വരെ പാതിരാമണലിൽ 14 തൊഴിലാളി കുടുംബങ്ങൾ താമസിച്ചിരുന്നു. 1979 ൽ സംസ്ഥാനത്തു ഭൂപരിക്ഷ്ക്കരണ നിയമം നിലവിൽ വന്നപ്പോൾ ദ്വീപിൽ ജനവാസമില്ലാതായി. ആ 14 കുടുംബങ്ങളേയും മുഹമ്മ ഗ്രാമ പഞ്ചായത്തിലെ കായി പുറത്തേക്കു മാറ്റി താമസിപ്പിച്ചു. പതിയെ ദ്വീപിൽ ദേശാടന പക്ഷികൾ എത്തുവാൻ തുടങ്ങി. പിന്നീട് സർക്കാർ പാതിരാമണൽ ടൂറിസം വകുപ്പിനു കൈമാറി. ക്രമേണ ദ്വീപ് നിരവധി സസ്യങ്ങളുടെയും ദേശാടന പക്ഷികളുടെയും സങ്കേതമായി മറി.



നന്ദന സജി IX B

# മഹത് വചനങ്ങൾ

- ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കയ്യോ വേണ്ട ,ഹൃദയം മതി - ഹെലൻ കെല്ലർ
- വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല അത് പ്രതിസന്ധികൾ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ് - ഗാന്ധിജി
- ഒരു ജോലി ചെയ്യാൻ നിങ്ങൾ എത്രത്തോളം വിദഗ്ധനാണ് എന്നതിനേക്കാൾ നിങ്ങൾക്ക് ജോലി ചെയ്യാനുള്ള അർപ്പണമനോഭാവം ആണ് ഏറ്റവും പ്രധാനം- ഡോക്ടർ എപിജെ അബ്ദുൽ കലാം
- ധനവും പദവിയും അധികാരവും അല്ല ആവശ്യം ഹൃദയശുദ്ധി ആണ് --സ്വാമി വിവേകാനന്ദൻ
- സമാധാനം ഇല്ലെങ്കിൽ മറ്റെല്ലാ സ്വപ്നങ്ങളും അപ്രത്യക്ഷമാവുകയും ചാരമായി തീരുകയും ചെയ്യും - ജവഹർലാൽനെഹ്റു
- ഒരു നല്ല വീടിന് തുല്യം വെക്കാൻ ലോകത്ത് ഒരു സ്കൂളും ഇല്ല. നന്മയുള്ള മാതാപിതാക്കൾക്ക് തുല്യം വെക്കാൻ ഒരു അധ്യാപകനും ഇല്ല -- ഗാന്ധിജി
- നിങ്ങളുടെ കണ്ണുകൾ പോസിറ്റീവ് ആണെങ്കിൽ നിങ്ങൾ ഈ ലോകത്തെ സ്നേഹിക്കും... എന്നാൽ നിങ്ങളുടെ നാക്ക് പോസിറ്റീവ് ആണെങ്കിൽ ലോകം നിങ്ങളെ സ്നേഹിക്കും -- മദർതെരേസ
- താൻ ഒരിക്കലും അതിന്റെ തണലിൽ ഇരിക്കാൻ പോകുന്നില്ല എന്ന് അറിഞ്ഞുകൊണ്ടുതന്നെ ഒരാൾ ഒരു മരം നടുമ്പോൾ അതിനർത്ഥം ജീവിതം എന്നാൽ എന്താണെന്ന് അയാൾക്ക് മനസ്സിലായി തുടങ്ങിയിരിക്കുന്നു എന്നാണ് -- രവീന്ദ്രനാഥടാഗോർ
- സൗന്ദര്യത്തെ സ്നേഹിക്കരുത്, നിങ്ങളുടെ ജീവിതം ആരാണോ സുന്ദരമാക്കുന്നത് അവരെ സ്നേഹിക്കുക -- രവീന്ദ്രനാഥ ടാഗോർ
- ഓർക്കേണ്ടത് മറക്കാതിരിക്കുക, മറക്കേണ്ടത് ഓർക്കാതിരിക്കുക - കുഞ്ഞുണ്ണി മാഷ്




# പുത്തനങ്ങാടിയുടെ കഥ

ഹരികീർത്തന എസ് VII A

ചരിത്രമെന്നത് സൃഷ്ടിക്കപ്പെടുന്ന ഒന്നാണ്. കാലത്തിനൊപ്പം സഞ്ചരിച്ച് കാലാതീതമാകുന്ന ഒരു മാന്ത്രിക ശക്തി അതിനുണ്ട്. നമ്മെ നയിക്കുന്നതിനും ദിശാബോധം നൽകുന്നതിനും ഒരു പ്രേരണാശക്തി ആയി പ്രവർത്തിക്കാൻ ചരിത്രത്തിന് അല്ലാതെ മറ്റേതുകലയ്ക്കാണ് കഴിയുക? പുത്തനങ്ങാടിയുടെ ചരിത്രപശ്ചാത്തലം എനിക്ക് ഏറ്റെടുക്കേണ്ടി വന്നപ്പോൾ എന്നേക്കാൾ ഒരാൾപൊക്കം ഉയരത്തിൽ നിന്നും അത് എന്നെ വെല്ലുവിളിക്കുന്നതായി തോന്നി. എന്നെ എടുത്തുയർത്തിയ എന്റെ ഗ്രാമനിവാസികൾ, എനിക്ക് ആത്മവിശ്വാസം പകർന്നു നൽകിയ എന്റെ അധ്യാപകർ, സർവ്വോപരി എനിക്ക് പദസമ്പത്ത് നൽകി അനുഗ്രഹിച്ച് പരമകാരുണ്യവാനായ ഈശ്വരനോട് എന്നും ഞാൻ കടപ്പെട്ടിരിക്കുന്നു.

ആമുഖം




മനുഷ്യവംശത്തിന്റെ അതിജീവനത്തിന്റെ കഥ കൂടി ചരിത്രം പറയുന്നുണ്ട്.പ്രാദേശിക ചരിത്രത്തിന്റെ ഇടനാഴികളിൽ പ്രത്യേകിച്ചും ഇത്തരത്തിലുള്ള വിജയ ഗാഥയുടെ മിന്നലാട്ടങ്ങൾ കാണാറുമുണ്ട്. വനാന്തരീക്ഷത്തിൽ നിന്നും ഗ്രാമവാസികളിലേക്കും പട്ടണങ്ങളിലേക്കും പറിച്ചുനടപ്പെട്ട ഒരു ജീവി വർഗ്ഗത്തിന്റെ ആധുനികതയിലേക്കുള്ള നടന്നുകയറ്റം ചരിത്ര ആഖ്യാനങ്ങളിൽ കാണാം. അവിടെയാണ് ദേശങ്ങളും സ്ഥലങ്ങളുംമെല്ലാം പുനർനാമകരണം ചെയ്യപ്പെടുന്നത്. മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് അനുസരിച്ച് ചരിത്രത്തിന്റെ ഗതിയും മാറുന്നു. കാലഘട്ടങ്ങളുടെ കഥകൾ പറയുന്ന സ്മാരകങ്ങളിൽ സംരക്ഷിക്കപ്പെടുന്നവ ഒഴികെ മറ്റെല്ലാം അനിവാര്യമായ വിസ് മൃതിയിലേക്ക് താഴ്ന്ന് പോയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്ന പുത്തനങ്ങാടി എന്ന ഗ്രാമപ്രദേശത്തിന്റെ കഥയാണ് ഇവിടെ അന്വേഷിക്കപ്പെടുന്നത്. ലോകമെങ്ങും നടന്ന മനുഷ ആധിപത്യത്തിന്റെ മാറ്റത്തിനൊപ്പം സഞ്ചരിച്ച്, ജയപരാജയങ്ങളിലൂടെ നമ്മിലേക്കിറങ്ങി, കുതിപ്പിന്റെയും കിതപ്പിന്റെയും നീലാകാശങ്ങളിൽ നിന്നും ഇന്നത്തെ യാഥാർത്ഥ്യത്തിലേക്ക് എത്തിനിക്കുന്ന പുത്തനങ്ങാടിയുടെ കഥ, വിക്കിപീഡിയയ്ക്ക് സമ്മാ നിക്കനായി കരുതുവെയ്ക്കുന്ന പുത്തനങ്ങാടിയുടെ കഥ

ചരിത്ര പശ്ചാത്തലം

കുറുക്കൻ ചന്ത എന്നായിരുന്ന ഈ പ്രദേശം പണ്ട് അറിയപ്പെട്ടിരുന്നത്. കാട് പിടിച്ച പ്രദേശമായിരുന്നതിനാൽ കുറുക്കന്മാരുടെ വിഹാര കേന്ദ്രമായിരുന്നതിനാലാണ് ഇങ്ങനെ അറിയപ്പെട്ടത്. പുത്തനങ്ങാടിയുടെ ചരിത്രം ആരംഭിക്കുന്നതും നിലനിൽക്കുന്നതും ചെറുകരക്കാവ് എന്ന തറവാട്ടിൽ നിന്നാണ്. ഈ തറവാടിന്റെ ഭൂമി ആയിരുന്ന ഈ പ്രദേശം മുഴവൻ. ഇവിടെ ഒരു കമ്പോളം നിർമ്മിക്കുന്നതിനായി ഭൂവുടമയായ മൊയ്ദീൻ കുഞ്ഞ് കൊച്ചുണ്ണി ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന അദ്ദേഹം 1921 ൽ ഇവിടം ഗവൺമെന്റിന് വിട്ടുകൊടുത്തത് മുതലാണ് പുത്തനങ്ങാടിയുടെ രൂപവും ഭാവവും

മാറുന്നത്. പന്നിയിറച്ചി വിപണനം പാടില്ല എന്ന നിബന്ധന അവർ മുന്നോട്ടുവച്ചിരുന്നു. അത് ഒരു കീഴ്വഴക്കമായി ഇപ്പോഴും തുടരുന്നു 1970 ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമം ഈ പ്രദേശത്തെ മുഴവനായും ഗവൺമെന്റിന്റെ കയ്യിൽ എത്തിച്ചു. അങ്ങനെയാണ് പുത്തനങ്ങാടി ഒരു ഇന്നുള്ള ഊർജ്ജസ്വലതയിലേക്ക് ഗ്രാമമായി മാറുന്നത്. ചുവടുവയ്ക്കുന്നത്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംഘർഷത്തിന്റെ കഥ മറ്റു പലയിടത്തും ഉള്ളതുപോലെ തന്നെ ഇവിടെയും



കാണാം. പൂർണമായും ഗ്രാമീണ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഒരു വ്യാപാര കേന്ദ്രം എന്ന നിലയിൽ പണ്ടുമുതൽ തന്നെ പ്രശസ്തി ആർജ്ജിച്ചിരുന്ന ഒരു സ്ഥലമായിരുന്ന പുത്തനങ്ങാടി. വേമ്പനാട് കായലിന്റെ സാമീപ്യം ചരക്ക് ഗതാഗതത്തിന് പ്രധാന വഴിയായി മാറി. എന്നിരുന്നാലും വേമ്പനാട് കായലിൽ നിന്നും ചരക്കുകൾ തലയിലേറ്റി മാർക്കറ്റിൽ എത്തിക്കേണ്ടുന്ന ഒരു സ്ഥിതി ഉണ്ടായിരുന്നു. ഇതിന് പരിഹാരമെന്നോണം ആനക്കോട്ട് അംഗൻ വൈദ്യരുടെ നേതൃത്വത്തിൽ കായലിൽ നിന്നുംപുത്തനങ്ങാടിയിലേക്ക് ഒരു ജലപാത ഉണ്ടാക്കി. അങ്ങിനെ പുത്തനങ്ങാടിയുടെ ഹൃദയത്തിലേക്ക് വലിയ കെട്ടുവള്ളങ്ങൾ കുതിച്ചെത്തി. ഈ കുതിപ്പ് പുത്തനങ്ങാടിയുടെ സ്വപ്നങ്ങൾക്ക് ആകാശത്തോളം വലിപ്പമുള്ള ചിറകുകൾ സമ്മാനിച്ചു.

ഭൂമിശാസ്ത്രം

മുഹമ്മ, തണ്ണീർമുക്കം എന്നി പഞ്ചായത്തുകളുടെ അതിർത്തിയിലാണ് പുത്തനങ്ങാടി സ്ഥിതി ചെയ്യുന്നത്. ഇതിന്റെ ഭാഗങ്ങൾ ഈ രണ്ടു പഞ്ചായത്തുകളുടെയും കയ്യിലാണ് എന്നർത്ഥം. അധികാരം സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ കാലാകാലം നടപ്പിലാവേണ്ട വികസന പദ്ധതികൾ പുത്തനങ്ങാടിക്ക് ലഭിക്കാതെയുമായി. സമീപ പ്രദേശങ്ങളിലെ കമ്പോളങ്ങൾ കൂടുതൽ ജനാകർഷകമാവുമ്പോൾ കിതച്ചു നിൽക്കുന്ന പുത്തനങ്ങാടി ഒരു നൊമ്പര കാഴ്ച ആകുന്നു. ഇവിടം ഒരു സമതലപ്രദേശം ആണ്.ചൊരിമണലാണ് എന്നതാണ് ഇവിടുത്തെ പ്രത്യേകത. എത്ര വലിയ മഴ വന്നാലും ഇവിടെ പ്രശ്നങ്ങളൊന്നും തന്നെ ഉണ്ടാവാറില്ല. കഴിഞ്ഞ കാലത്ത് ഉണ്ടായ രണ്ട് പ്രളയങ്ങളിലും ഈ പ്രദേശത്തെ രക്ഷിച്ചു നിർത്തിയത് വേമ്പനാട്ടുകായൽ ആയിരുന്നു. ഏത് പ്രഹേളികയേയും ഉൾക്കൊള്ളാൻ കഴിയുന്ന കുട്ടനാട്ടിൽ പുന്നമടക്കായൽ എന്ന വിളിപ്പേരുള്ള വേമ്പനാട്ട് കായൽ. പുത്തനങ്ങാടി ജലാശയങ്ങളുടെ നാടാണ്. കായലിന്റെ ,അതിന്റെ കൈവഴികളുടെ, അവ ചേരുന്ന ചെറു തോടുകളുടെ അവ കുളിരണിയിക്കുന്ന നെൽപ്പാടങ്ങളുടെ... അങ്ങിനെ പ്രകൃതിയെ ഹരിതാഭമായ പുതപ്പണിയിക്കുന്നത് ഈ ജലാശയങ്ങളാണ്. പുതു മഴ പെയ്താൽ പിന്നെ തോട്ടിലൂടെ ചെറുതും വലുതുമായ ശുദ്ധജലമത്സ്യങ്ങളുടെ ഘോഷയാത്രയാണ്. തോടിന്റെ കരയിൽ മനുഷ്യാരവങ്ങൾ ഉയരാറുണ്ട് .പലപ്പോഴും

വിനോദസഞ്ചാര മേഖല എന്ന നിലയിൽ വളരെയധികം സാദ്ധ്യതയുള്ള ഒരു പ്രദേശമാണ് ഇത് വളരെയധികം റിസോർട്ടുകളും, പുര വഞ്ചികളും ഇവിടെ കാണാം. കായലിന്റെ മനോഹാരിത ആസ്വദിക്കാൻ ഇവിടേക്ക് ആകർഷിക്കപ്പെടുന്ന വിനോദസഞ്ചാരികൾ പുതിയൊരു ജീവിത മാർഗം കൂടി തുറന്നിട്ടിരിക്കുകയാണ് പുത്തനങ്ങാടിക്കാർക്ക്

പൊതുജീവിതം

തീരദേശവാസികളുടെ അന്നവും പ്രതീക്ഷയുമാണ് വേമ്പനാട്ടുകായൽ. ജൈവ വൈവിധ്യം നിറഞ്ഞ ഒരു ജലസംഭരണി ആണിത്. സൂചി കൊഴുവാ, വറ്റ തിരുത, കാളാഞ്ചി, ചെമ്പല്ലി, ആരകൻ, വരാൽ, പരൽ, ആറ്റുവാള, കുരിവാള, കരിമീൻ, കൊഞ്ച് എന്നിങ്ങനെ തൊണ്ണൂറ്റി രണ്ടോളം ഇനം ചിറകു മത്സ്യങ്ങളും എട്ടോളം ഇനം പുഴമത്സ്യങ്ങളും ഉൾപ്പെടെ 400 ഓളം പുഴ മത്സ്യങ്ങളുടെ കലവറയാണ് ഈ കായൽ മത്സ്യങ്ങൾക്ക് പുറമേ ഇവിടെ നിന്നും ലഭിക്കുന്ന കക്കയ്ക്കും വൻ ഡിമാന്റ് ആണ്. വഴിയുടെ ഇരുവശങ്ങളിലും ക തൊഴിലാളികളുടെ ടെന്റ് കാണാം. ഇവിടെയാണ് ഇറച്ചി വേർതിരിച്ചെടുക്കുന്നത്. അതിനുശേഷം കക്ക മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി വിടുന്നുണ്ട്. കുമ്മായം (Lime Stone Powder) നിർമ്മിക്കാനാണ് കക്ക പ്രധാനമായും ഉപയോഗിക്കുന്നത് മണ്ണിന്റെ പി.എച്ച് മൂലം നിലനിർത്താൻ ഇത് സഹായിക്കുന്നു. ഭൂരിഭാഗം ആൾക്കാരും കയർമേഖലയിൽ ആണ് ജോലി ചെയ്യുന്നത്. നിരവധി കയർ കയറ്റുമതി സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു ആലപ്പി കമ്പനി, പ്രകാശ് ഷിയറിംഗ് ഫാക്ടറി മുതലായവയാണ് അവയിൽ പ്രധാനപ്പെട്ടത്. ആയിരത്തോളം തൊഴിലാളികൾ ഈ കമ്പനികളിൽ തൊഴിലെടുക്കുന്നു. ഈ പ്രദേശത്തിന്റെ സാമ്പത്തിക ഭദ്രത കയർ ഉൽപന്നങ്ങളുടെ ഡിമാന്റിനെ ആശ്രയിച്ചിരിക്കുന്നു എന്നു പറഞ്ഞാലും അതിൽ തെറ്റില്ല. ലോകമാർക്കറ്റിൽ പിവിസി കയർ മാറ്റുകൾ എത്തിക്കുന്ന കമ്പനികൾ പുത്തനങ്ങാടിയിൽ ആണ് ഉള്ളത്.

ആരോഗ്യമേഖല

രോഗപ്രതിരോധ മേഖലകളിൽ വിട്ടുവീഴ്ച ഇല്ലാത്ത നിലപാടുകൾ ആണ് പുത്തനങ്ങാടിക്കാർക്ക് . അതാത് ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ആരോഗ്യ പെരുമാറ്റ ചട്ടങ്ങൾ അതേപടി പിൻതുടരുക എന്ന ശൈലിയാണ് ഇവർ കൈകൊള്ളുന്നത്. മുഹമ്മ പഞ്ചായത്തിനു കീഴിലുള്ള മുഹമ്മ പി.എച്ച് കല്ലാറം സെന്റർ, കായിപ്പുറം ആയുർവേദ ആശുപത്രി, കല്ലാപ്പുറം ഹോമിയോ ഡിസ്പൻസറി തുടങ്ങി പ്രദേശത്തിന്റെ ആരോഗ്യ ഉറപ്പാക്കുന്ന സ്ഥാപനങ്ങൾ നിരവധി കോവിഡിന്റെ നിലനിൽക്കുന്ന യുവാക്കൾ ഉൾപ്പെടുന്ന സന്നദ്ധസേന ഇവിടെ ആരോഗ്യവകുപ്പിനോട് ചേർന്ന് പ്രവർത്തിക്കുന്നു. വീടുകളിലും കയറി ഇറങ്ങി ബോധവൽക്കരണം ചെയ്യുക, വാക്സിനേപറ്റിയുള്ള സംശയ ദൂരികരിക്കുക  എന്നീ ദൗത്യങ്ങൾ വിജയകരമായി സേനകൾ നടപ്പാക്കുന്നു.

വിദ്യാഭ്യാസം



വിദ്യാഭ്വാസനിലവാരത്തിന്റെ  കാര്യത്തിൽ മുൻപന്തിയിൽ പുത്തനങ്ങാടി സെന്റ് മാത്യൂസ് ഹൈസ്കൂൾ, ഗവൺമെന്റ് സംസ്കൃതം ഹൈസ്കൂൾ, എൽ.പി സ്കൂൾ എന്നിവ എത്രയെത ചരിത്രങ്ങൾക്ക് സാക്ഷിയായിട്ടുണ്ട്. ആധുനിക വിദ്യാഭ്യാസ രീതികളുടെ അലയൊലികൾ ഇവിടെയുമുണ്ട്. ഉന്നത വിദ്യാ മുറികൾ ഇവിടെ സജ്ജമാണ്. മറ്റെല്ലാ വർഷത്തിലെ തന്നെ ഇത്തവണയും പത്താം ക്ലാസ്, പ്ലസ് പരീക്ഷകളിൽ മികച്ച വിജയം നേടാൻ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്.

ഗവ. ഡി വി എച്ച് എസ് എസ് , ചാരമംഗലം

സാംസ്കാരികം

നവോഥാന കാല സ്മരണകൾ പുത്തനങ്ങാടിക്കും ഉണ്ട്. ശ്രീനാരായണഗുരു ചീരപ്പൻചിറയിൽ നിന്നും (സുശീല ഗോപാലന്റെ കുടുംബം ആരംഭിച്ച കാൽ നടയാത്രക്ക് പുത്തനങ്ങാടി സ്വീകരണം ഒരുക്കിയിട്ടുണ്ട്. അദ്ദേഹം ഇവിടെ എത്തിച്ചേർന്നപ്പോൾ വിശ്രമിച്ച പഠിപ്പുര ഇന്നും ചെറുകരക്കാവ് തറവാട്ടിൽ സംരക്ഷിക്കുന്നുണ്ട്. ശിവഗിരി മഠത്തിന്റെ ആല പുഴ ജില്ലയിലെ ഒരേ ഒരു ശാഖ പുത്തനങ്ങാടിയിൽ ഉണ്ട്. വിശ്വഗാജി മഠം). സാംസ്കാരിക സംഘടനകളുടെ ഒരു നിരതന്നെയുണ്ട്. ഇവിടെ പ്രണവം ആർട്സ് ക്ലബ്ബ്, നവജീവൻ സാംസ്കാരിക സമിതി, സന്മാർഗ്ഗ സന്ദായിനി ലൈബ്രറി എന്നിങ്ങനെ വായനയുടെ വെള്ളിവെളിച്ചത്തിലേക്ക് തലമുറകളെ കൈപിടിച്ചുയർത്തുന്ന നിരവധി സംഘടനകൾ സർക്കാരിന്റെ പൊതുജനാരോഗ്യ പദ്ധതികളുടെ നടത്തിപ്പിനും ഇത്തരം ഇടങ്ങൾ ഭാഗം ആകാറുണ്ട്. എൽ പി യു പി വിദ്യാർത്ഥികൾക്കായുള്ള ബാലസഭകളുടെ പ്രവർത്തനവും മുന്നോട്ടു പോകുന്നുണ്ട്. വിബ്രിയോർ ബാലസഭ, കളിക്കൂട്ടം ബാലവേദി പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുക, അവയ്ക്ക് നിരൂപണം തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തുന്നത്.

ഈ പ്രദേശത്തിന്റെ ചരിത്രത്തെ സ്വന്തം പേരിൽ ചേർത്തുവെച്ച് നിരവധി പ്രമുഖ വ്യക്തികൾ ഉണ്ടിവിടെ. പുത്തനങ്ങാടിയുടെ വാത്സല്യം ആവോളം നണഞ്ഞ് ഇവിടുത്തെ മണൽത്തരികളുടെ ലാളനകൾ ഏറ്റുവാങ്ങി ജീവിതത്തിന്റെ വിജയതി ത്തിലേക്ക് ഉഴഞ്ഞു പോയവർ. സാക്ഷാൽ എകെജിയുടെ ഭാര്യയും കേരളത്തിന്റെ മുൻമന്ത്രിയും ആയിരുന്ന അന്തരിച്ച സുശീല ഗോപാലൻ, ഇന്ത്യൻ ക്രിക്കറ്റിലെ വിസ്മയ താരമായിരുന്ന അജയ് ജഡേജ, സംഗീത വിദഗ്ധൻ സൺലൈറ്റ്, പുല്ലാങ്കുഴൽ സംഗീതജ്ഞനായ രാജേഷ് ചേർത്തല, പൊതു പ്രവർത്തകനായിരുന്ന സി.കെ ഭാസ്കരൻ, വ്യവസായ പ്രമുഖൻ ജോസഫ് കുപ്പടി ഇങ്ങനെ ഈ നിര നീളുകയാണ്. ഹിന്ദു, മുസ്ലിം,ക്രിസ്ത്യൻ വിഭാഗങ്ങൾ ഇടകലർന്ന് താമസിക്കുന്ന ഒരു ജീവിത അന്തരീക്ഷമാണ് ഇവിടുള്ളത്. 1931 ൽ വാരണം മുസ്ലിം ജമാഅത്ത് സ്ഥാപിച്ചത് പി.എം കൊച്ചുണ്ണി ചെറുകരക്കാവ് ആണ്.1936 മാർച്ച് 7 ന് വെഞ്ചരിപ്പുകർമം നടന്ന വി. യാക്കോബ് ശ്ലീഹായുടെ നാമത്തിലുള്ള പാലുത്തറപള്ളി, എറണാകുളം അതിരൂപതയുടെ ഏറ്റവും തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഇടവകയാണിത്. പള്ളിയുടെ സ്ഥാപനത്തിന്റെ പിന്നിലുള്ള ചരിത്രം ഏതാണ്ട് ഇപ്രകാരം ആണ്. മലബാറിൽ ഏറനാട് താലൂക്കിൽ നിന്ന് പാലയൂരിൽ താമസമാക്കിയിരുന്ന ഒരു കുടുംബക്കാർ ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് അവിടെ നിലനിന്നിരുന്ന രാഷ്ട്രീയവും സാമൂഹികവുമായ പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി തങ്ങൾക്കുള്ളതെല്ലാം വിട്ട് സുരക്ഷിതമായ ഒരു സങ്കേതം തേടി പുറപ്പെട്ടു. വഴിമധ്യേ അവർക്ക് ലഭിച്ച വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ചിത്രം തങ്ങൾ സുരക്ഷിതമായി എത്തി ച്ചേരുന്ന സ്ഥലത്ത് പരസ്യമായി വണക്കത്തിന് ഒരു കപ്പേള സ്ഥാപിച്ച് പ്രതിഷ്ഠിച്ചു കൊള്ളാമെന്ന് അവർ നേർന്നു. ഇപ്രകാരം എത്തിച്ചേർന്ന സ്ഥലത്തിന് പാലയൂർത്തറ എന്ന പേര് നൽകുകയും അവിടെ ഒരു കപ്പേള പണിത് രൂപം പ്രതിഷ്ഠിക്കുകയും ചെയ്തു.നൂറ്റാണ്ടുകളുടെ ചരിത്രമുള്ള പൂജവെളി ശ്രീമഹാവിഷ്ണുക്ഷേത്രം, ഇലഞ്ഞാംകുളങ്ങര ദേവി ക്ഷേത്രം അങ്ങിനെ വിശ്വാസത്തിന്റെ ആലയങ്ങൾ നിരവധിയാണ്.ഓണവും, ക്രിസ്തുമസ്സും റംസാനും എല്ലാം ഈ നാടിന്റെ ആഘോഷമാണ്. അതിനൊക്കെ ജാതി സംഘടനകളുടേയും പിന്തുണ ഉണ്ട് എന്നുള്ളത് സന്തോഷദായകമായ ഒരു വാർത്ത തന്നെയാണ്.

കൃഷി

കൃഷിക്ക് അനുയോജ്യമായ മണ്ണാണ് പുത്തനങ്ങാടിയുടേത്. വാഴ, ചേമ്പ്, ചേന, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാന കൃഷികൾ. നെല്ലിനും, തെങ്ങിനും പേരുകേട്ട നാടായിരുന്ന ഇത്. പുത്തനങ്ങാടിയിൽ നിന്നും തേങ്ങ, തൊണ്ട് മുതലായവ കെട്ടുവള്ളത്തിൽ കയറ്റി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുമായിരുന്നു. തൊണ്ട് വെള്ളത്തിലിട്ട് അഴുക്കി ചകിരിയാക്കി. അത് കയറും കയർ ഉൽപന്നങ്ങളുമാക്കുന്ന രീതി പണ്ട് മുതൽ തന്നെ ഉണ്ടായിരുന്നു. തെങ്ങിനുണ്ടാവുന്ന രോഗങ്ങൾ അതിന്റെ ഉത്പാദന ശേഷിയെ ബാധിച്ച തുടങ്ങിയത് ഒരു



സംസ്കാരത്തിന്റെ തന്നെ തകർച്ചയിലേക്കാണ് വഴിതെളിച്ചത്. ഇപ്പോൾ കയറും ചകിരിയും എത്തുന്നത് തമിഴ്നാട്ടിൽ നിന്നുമാണ്. പാടശേഖരങ്ങളുടെ നാടായിരുന്ന പുത്തനങ്ങായി. കൊയ്ത്തുൽസവങ്ങൾ ഇവിടുത്തെ ആഘോഷമായിരുന്നു. പുതുതലമുറകളുടെ താല്പര്യക്കുറവ് നെൽകൃഷിയെ തന്നെ ഇല്ലാതാക്കി എന്നു എങ്കിലും വെളിച്ചങ്ങൾ ഞങ്ങളിലേക്ക് സംരംഭങ്ങളിലെ ജെ.എൽ.ജി ഗ്രൂപ്പുകൾ തരിശായി കിടക്കുന്ന വയലുകളും പറമ്പുകളും പ്രവർത്തനത്തിലാണ്. ഇവിടുത്തുകാരുടെ കൂടിയായ മന്ത്രി പി.പ്രസാദിന്റെ സൗഹൃദയത്വം ഇവരെ ആവേശത്തിൽ ആക്കിയിട്ടുണ്ട്. പുത്തനങ്ങാടി അതിന്റെ ഭൂതകാല സൗന്ദര്യത്തിലേക്ക് തന്നെ തിരിച്ചെത്തും എന്ന് പ്രത്യാശിക്കാം.

പുതിയ കാഴ്ചവട്ടങ്ങൾ

വികസനം പുത്തനങ്ങാടിക്ക് പുതിയ മട്ടും ഭാവവും നൽകി. ജലഗതാഗതത്തെക്കാൾ റോഡ് മാർഗ്ഗത്തിന് പ്രാധാന്യമേറി. മധുര ദേശീയപാതയുടെ വിപുലീകരണം ദ്രുതഗതിയിൽ നടക്കുകയാണ്. വളരെയധികം തോടുകളും വയലുകളും റോഡുകളും ഫാക്ടറികളും മറ്റും നിർമിക്കുന്നതിനും മറ്റുമായി നികത്തപ്പെട്ടു. അതിന്റെ ദോഷവശങ്ങളെ അവർ അഭിമുഖീകരിക്കുകയും ചെയ്യുന്നുണ്ട്. കുടിവെള്ളക്ഷാമം ഈ പ്രദേശത്തിന്റെ ശാപമായി മാറിക്കഴിഞ്ഞു. ജപ്പാൻ കുടിവെള്ള പദ്ധതി എല്ലാം വീട്ടിലും എത്തിയതോടെ അതിനെ പ്രതിരോധിക്കാൻ കഴിഞ്ഞുവെന്ന ആത്മവിശ്വാസം എത്രനാൾ ഉണ്ട് എന്ന് നിശ്ചയമില്ല. പ്രത്യേകിച്ചും ക്ലോറിനേഷൻ നടത്തിയ വെള്ളം നമ്മുടെ ശീലങ്ങളിലേക്ക് വിരുന്നെത്തുമ്പോൾ വികസനത്തെ സംബന്ധിച്ച് നമ്മുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. കാലം അത് ഉറക്കെ വിളിച്ച പറയുന്നുമുണ്ട്. കണ്ണുള്ളവർ കാണട്ടെ, കാതുള്ളവർ കേൾക്കട്ടെ. ഇപ്പോഴത്തെ കാഴ്ചവട്ടങ്ങളിലൂടെ പുത്തനങ്ങാടിക്കാർ യാത്ര തുടർന്നുകൊണ്ടിരിക്കുകയാണ്.

റഫറൻസ്

അഭിമുഖം ശ്രീ.ഞാണിസാർ

(റിട്ട. ഹെഡ്മാസ്റ്റർ, ചെറുകരക്കാവ് കുടുംബാംഗം)

അഭിമുഖം ശ്രീ. കെ.ആർ. ശശിധരൻ പൊതുപ്രവർത്തകൻ

അഭിമുഖം ശ്രീ. സദാശിവൻ (മുൻ വാണിജ്യമണ്ഡലം പ്രസിഡന്റ്) 2021 സെപ്തംബർ 08

മാതൃഭൂമി പത്ര റിപ്പോർട്ട്



Akarsh .S VII A

## The Little Cycle -STUNTER

Once upon a time,an eleven years old boy lived in England. His name was Kevin. He was from a rich family. He had an elder brother called Bob . Kevin loved cycles ,so he wanted to become a cyclist . But their parents wanted to make them doctors . So one day their father said to them I want to make both of you doctors. When you grown up.

Bob said “Yes dad . I want to become a doctor . Then father asked Kevin about his wish. He said “I don’t want to be a doctor . Bob and the father suddenly got surprised . Bob asked, “What are you saying ? You don’t want to be doctor . Then what do you want to become ? Kevin said I want to be a famous person .So I wish to become a BMX cycle stunter. The father was noble and kind hearted . So he allowed to be with his ambition. Kevin asked money and bought a cycle from a cycle shop . After a few days he joined in a cycling academy . Thus Kevin and Bob grew up . Bob became a doctor, Kevin became a very famous bicycle stunter in their state . This story is about the sucessful life of the boy called Kevin

# സ്വരം

അമ്മതൻ സ്നേഹത്തിൻ ആഴക്കടല്പ -
പോലാദ്യമായ് കേട്ടു ഞാൻ നിൻ സ്വരം.
ഭ്രവിൽമറ്റെന്തിനേക്കാൾ വിലപ്പെട്ടതാകുന്നു നിൻ, സ്നേഹ മന്ത്ര സ്വരം.
സ്നേഹലാവണ്യമായ് ഒഴുകിയെൻ, ജീവിത താളത്തിലൂടെ നീയെന്നും,
ചൈതന്യമേകിടും ആയുസ്സിൻ നാളെല്ലാം,
പുണ്യം നിൻ സ്നേഹ സ്വരം.
ധ്വനികളായ് തീരുന്നു എൻ ഹൃത്തിൽ നിൻ സ്വരം, കാതങ്ങൾക്കപ്പുറമെങ്കിലും,
പുൽക്കൊടിത്തുമ്പിലും ഈ പ്രപഞ്ചത്തിലും ഭേരിമുഴക്കുന്നു നിൻസ്വരം,
ഞാനലിഞ്ഞില്ലാതെയാകുന്നു നിൻ
മുൻപിൽ മാറിട്ടുന്നേക സ്വരമായ്,
ആദിയു അന്തവും ഇല്ലാതെ നീങ്ങുന്നു,
കാലത്തിൻനാദമായി ഈ സ്വരം.
കാലത്തിൻ നാദമായ് ഈ സ്വരം



ദിവ്യ ജോൺ ,എച്ച് എസ് റ്റി



# മലയാളം പഴഞ്ചൊല്ലുകൾ

ദേവ ദത്തൻ കെ ബി ,IX A

*അച്ചാണി ഇല്ലാത്ത തേര് മുച്ചാൺ ഓടുകയില്ല

* അളയിൽ ചവിട്ടിയാൽ ചേരയും കടിക്കും

* അറയിൽ ആടിയെ അരങ്ങത്ത് ആടാവൂ

* കാടിആയാലും മൂടി കുടിക്കണം

* കുരുടന്റെ നാട്ടിൽ കോങ്കണ്ണൻ രാജാവ്

* കോരിയ കിണറ്റിലെ ഉറവ ഉള്ളൂ

* ചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം

* ഉള്ളപ്പോൾ ഓണം ഇല്ലാത്തപ്പോൾ പട്ടിണി

* ഇരുമ്പും   വിദ്യയും ഇരിക്കെ കെട്ടും

* ഇരിക്കുന്ന കൊമ്പ് മുറിക്കരുത്

* ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടുമോ

*ആടറിയുമോ അങ്ങാടി വാണിഭം

* അഴകുള്ള ചക്കയിൽ . ചുളയില്ല

* അല്പന് ഐശ്വര്യം ഉണ്ടായാൽ അർദ്ധരാത്രിക്കും കുടപിടിക്കും

* അമ്മായി ഉടച്ചത് മൺ ചട്ടി മരുമകൾ ഉടച്ചത് പൊൻ ചട്ടി

* അധികമായാൽ അമൃതും വിഷം

*അച്ചിക്കു കൊഞ്ചു പക്ഷം നായർക്ക് ഇഞ്ചി പക്ഷം

* അടിച്ച വഴിയേ പോയില്ലെങ്കിൽ പോയ വഴിയേ അടിക്കുക

* അടികൊണ്ടു വളർന്ന കുട്ടിയും അടച്ചു വെന്ത കഷായവും

*അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ

* ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

* ഉണ്ടവനറിയില്ല  ഉണ്ണാത്തവന്റെ വിശപ്പ്

* ഉപ്പു തിന്നവൻ വെള്ളം കുടിക്കും

*എല്ലാവരും പല്ലക്കിലേറിയാൽ ചുമക്കുവാൻ ആളില്ല

* ഇളം കൊമ്പിൽ പിടിച്ചാലും പുളിക്കൊമ്പിൽ പിടിയ്ക്കണം

* കോൽ എടുത്തവൻ ഒക്കെ മാരാർ ആകുമോ

*ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

* ഒഴുക്കുവെള്ളത്തിൽ അഴുക്കില്ല

* ഓളം നിന്നിട്ട് കടലിൽ ഇറങ്ങാമോ

* കത്തുന്ന പുരയിൽ നിന്ന് ഊരുന്ന കഴുക്കോൽ ലാഭം

*തീയിൽ കുരുത്തത് വെയിലത്ത് വാടില്ല

# സന്ധ്യ

നീലതരംഗം ഇരമ്പി വരുന്നു

ആർത്തു കരവയോടെ

ചെമ്പിച്ച തീഗോളം താഴ്ന്നു വരുന്നു

കടലിൻ അടിത്തട്ടിലേക്ക് കിളികളെല്ലാം മടങ്ങി തുടങ്ങി

അവരുടെ കൂടുകളിലേക്ക്

കുട്ടികളെല്ലാം കളികൾ നിർത്തി മടങ്ങി

അവരുടെ വീടുകളിലേക്ക്

സുവർണ്ണനിറം മങ്ങിത്തുടങ്ങി

ഇരുട്ടിൻ ആഴങ്ങളിലേക്ക്

രാത്രിയുടെ ശാന്തത ഓടിയെത്തുന്നു

നിദ്രയുടെ ആഴങ്ങളിലേക്ക്



വർഷ എ **IX B**



# ഒറ്റക്കാലൻ കാക്ക

( വായനക്കുറിപ്പ് )

**മാളവിക പി ബി**
**+1 സയൻസ്**

വി.ജെ.ജെയിംസിന്റെ ഒരു മനോഹരമായ കൃതിയാണ് ഒറ്റക്കാലൻ കാക്ക. ആവർത്തന വിരസത എന്ന വികാരത്തെ മറികടക്കുന്നതാണ് ഈ കൃതി . മലയാളത്തിലെ ശ്രദ്ധേയനായ കഥാകാരനും നോവലിസ്റ്റുമായ വി.ജെ.ജെയിംസിന്റെ ജീവിതഗന്ധിയായ ഒരു നോവലാണ് ഒറ്റക്കാലൻ കാക്ക. ചങ്ങനാശ്ശേരി കാരനായ ഇദ്ദേഹം നിരവധി അവാർഡുകൾക്ക് അർഹനായിട്ടുണ്ട് .

ഭിന്നമായ പേരുകൊണ്ട് വിഭിന്നമായ ഒരു ലോകത്ത് കൂടിയാണ് നോവലിസ്റ്റ് നമ്മെ വാക്കുകൾകൊണ്ട് എത്തിക്കുന്നത്. സൈമണിന്റെ കഥയെ അനുബന്ധിച്ച് മനുഷ്യ ജീവിതങ്ങൾ ഒരുപാട് ഇവിടെ മിന്നിമറയുന്നുണ്ട്. ആ ഓരോ ജീവിതവും വായനക്കാരുടെ ഹൃദയത്തിന്റെ പുറന്തോടു പൊട്ടിച്ച് ചെന്ന് വൈകാരികമായ ഒരു സൂക്ഷ്മ ബന്ധം ഉണ്ടാക്കിയെടുക്കുന്നു. ഇവിടെ പ്രകൃതിയിലെ ഓരോ വസ്തുവിനും അർഹതപ്പെട്ട സ്ഥാനം നോവലിസ്റ്റ് നോവലിലുടനീളം നൽകുന്നുണ്ട്.

സൈമണും സൈമണിന്റെ ജീവിതത്തെ ചുറ്റിപ്പറ്റി നോവലിസ്റ്റ് വിവരിക്കുന്ന ഓരോ കഥാപാത്രങ്ങളും അവരുടേതായ ഒരു ജീവിത സന്ദർഭവും സാഹചര്യവും മനോവികാരങ്ങളും നമ്മുടെ കൺമുന്നിൽ നടക്കുന്ന ഒരു നേർക്കാഴ്ചയായി തോന്നുന്നുണ്ടെങ്കിൽ അത് ഇവിടെ ഒരു അതിശയമല്ല , കാരണം അദ്ദേഹം ഇവിടെ ഓരോ താളുകളിലും വരികളിലും വാക്കുകളിലും ഒരു ജീവിത യാഥാർഥ്യം ഒളിപ്പിച്ചു വച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ കഥയിലെ ഓരോ കഥാപാത്രമായും എല്ലാവർക്കും തന്നെ സൂക്ഷ്മമായ എന്തെങ്കിലും ദൃഢമായ ഒരു നൂലുകൊണ്ട് ബന്ധം ഉണ്ടാകാതിരിക്കാൻ സാധ്യത കുറവാണ്. അത്രയും ഹൃദയഹാരിയായ ഒരു എഴുത്തു ശൈലിയാണ് അദ്ദേഹം ഈ നോവലിലുടനീളം കാത്തുസൂക്ഷിക്കുന്നത്. ആദ്യവായനയിലും രണ്ടാമത്തെ വായനയിലും എല്ലാം അദ്ദേഹം എഴുത്തിലൂടെ പകർത്തിയിട്ടുള്ള പുതുമയുടെയും ജിജ്ഞാസയുടെയും നറുങ്ങുകൾ നമ്മെ നോവലിലേക്കു ആകർഷിക്കുകയും തുടർന്നുള്ള പേജുകൾ വായിക്കാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.




കേന്ദ്രകഥാപാത്രമായ സൈമണിനോടൊപ്പം തന്നെ തിളങ്ങിനിന്ന ഔതയും ആനിയും അമ്മയും സദാനന്ദൻ സാറും ജയരാമനും എന്തിനേറെ എഴുതുന്നു?, വെറും കാക്കയ്ക്കും നിർജീവ വസ്തുവായ പേനയ്ക്കും ഗോപുരത്തിനും ക്ലോക്കിനും എല്ലാം, ഈ നോവലിലെ സമ്പൂർണ്ണതയ്ക്ക് അതിയായ പങ്കുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് ഈ കൃതി , ഞാൻ വായിച്ചിട്ടുള്ള നോവലിൽ വെച്ച് ഏറ്റവും മനോഹരവും പൂർണ്ണവും ജിജ്ഞാസ ഉളവാക്കുന്നതുമായ കൃതിയാണ്

ഒറ്റക്കാലൻ കാക്ക. കഥാപാത്രങ്ങളെല്ലാം അവരുടെ വികാരങ്ങൾ എന്നിലേക്ക് പകർന്നുതന്നതായി എനിക്ക് തോന്നി. മറ്റുള്ളവരും ഇത് വായിച്ചിരിക്കേണ്ടതാണ് എന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്.

പ്രധാന കഥാപാത്രങ്ങൾ

സൈമൺ നാട്ടിൻപുറത്തുകാരൻ, പഠനത്തിൽ മിടുക്കൻ

ആനി സൈമണിന്റെ കൂട്ടുകാരി, സന്തത സഹചാരി

സൈമണിന്റെ അച്ഛൻ (സെബാസ്റ്റ്യൻ) കമ്മ്യൂണിസ്റ്റുകാരൻ സമത്വസുന്ദര ലോകം സ്വപ്നം കണ്ടിരുന്ന ഒരു വ്യക്തി

സൈമണിന്റെ അമ്മ സെബാസ്റ്റ്യന്റെ വിയോഗത്തിൽ നൊന്തുകഴിയുന്ന, ഒറ്റക്കാലൻ കാക്കയെയും അണ്ണാനെയും ഒക്കെ പരിചരിക്കുന്ന, സ്നേഹമയി

ഔത തെങ്ങുകയറ്റക്കാരൻ, സെബാസ്റ്റ്യന്റെ കൂട്ടുകാരൻ മേസ്തിരിയെ തളർന്ന് കിടന്നപ്പോൾ പരിചരിക്കുന്ന ,കാക്കകളുടെ കുത്തേറ്റു മരിക്കുന്ന

മേസ്തിരി സെബാസ്റ്റ്യന്റെ ചങ്ങാതി, സൈമണിന് ഗോപുരത്തെ കുറിച്ചുള്ള രൂപംനൽകി, കയറാനായി പ്രേരിപ്പിച്ചു, തളർന്നു കിടക്കുന്നു

സദാനന്ദൻ സാർ ഫിസിക്സ് അധ്യാപകൻ, വിരമിച്ചിട്ടും കലാലയം വിട്ടു പോകാൻ തോന്നിയില്ല, ഗൃഹാതുരത്വം അടങ്ങുന്ന സ്വഭാവം, വിദ്യാർത്ഥി സ്നേഹം, സംശയങ്ങൾ തീർത്തു നൽകുന്ന

മുഹമ്മദ് സാലി നെഗറ്റിവ് സാലി എന്നറിയപ്പെടുന്ന സഹപാഠി , സൈമണിനെ നിരുത്സാഹപ്പെടുത്തുന്നു

ജയരാമൻ സൈമണിന്റെ സഹപാഠി, നാട്ടുമ്പുറത്തുകാരൻ, സൈമണിനെ പ്രചോദിപ്പിക്കുന്ന

ഹൈദ്രോസ് ഒറ്റക്കാലൻ കാക്കയെ കല്ലെറിയുന്നു

## Marshal and the Golden turtle



**ആകാശ് എ ,IX A**

**Long ago, there was a person named Marshal. He was very brave and courageous. He lived along with his mother in a village. They were really poor. One day Marshal went to sea for fishing. But out of luck, Marshal was never able to get anything. After a few minutes he got something huge and heavy in his net. He pulled it out and saw a big golden turtle.**

**The turtle pleaded “Hey human, please spare me! I am the messenger of the king ‘Lord Titan’ in the ocean. If you leave me free, one day I’ll take you to the ocean kingdom if you need any help. That’s a promise”. Marshal felt pity for the turtle and left it back to the ocean.**

**Few months passed. Marshal set out again to find the golden turtle. His mother was sick and he didn’t have money to buy her medicine. He found the turtle. Marshal told about his mother’s condition with a heavy sigh. The turtle assured that she can be cured. With his magic wand, the turtle took Marshal under the waters. Marshal was hesitant at first but he went with the turtle. When he went under the water, he saw so many fascinating things. He saw beautiful mermaids, gold coins, diamonds and the holy kingdom. The king welcomed Marshal to the palace. Marshal told all his problems. The king gave a special medicine to Marshal and a mysterious box. He assured Marshal to give the medicine to his mother. He also gave a mystery box to Marshal and told him that anything put into it will be doubled. He thanked Marshal profusely for saving his messenger.**

**Marshal happily went back to the seashore with the help of golden turtle. He thanked the turtle and quickly ran to his village. Marshal gave the medicine to his mother and she got cured in less than a minute! With the help of mystery box, they lived happily ever after.**

**MORAL: Even a small act of kindness may change a person’s life.**



# മരുത്തോർവട്ടം

ദേവ നാരായൺ

**VIII A**




**ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് മരുത്തോർവട്ടം. ഈ പ്രദേശത്തെ പ്രാദേശികമായ അന്വേഷണത്തിൽ നിന്നും പ്രദേശത്തെ മുതിർന്നവരുമായുള്ള അഭിമുഖം മുഖേനയും മറ്റ് രേഖകൾ പരിശോധിച്ചും ഉള്ള ഒരു ചരിത്രപഠനമാണിത്. സ്ഥലനാമചരിത്രം, പ്രദേശത്തിന്റെ പ്രധാന ചാലകശക്തിയായ ക്ഷേത്രവും അതിന്റെ ഐതിഹ്യവും , ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ,ജനങ്ങളും ജീവിതവും എന്നിവയെ ആധാരമാക്കിയുള്ളതാണ് പഠനം.**

## വിവരണം

### മരുത്തോർവട്ടം

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് മരുത്തോർവട്ടം.ഭൂമിശാസ്ത്രപരമായ കടലിനും കായലും മധ്യ സ്ഥിതി ചെയ്യുന്ന ചെറിയ ചെറിയ വെള്ളക്കെട്ടുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു കര പ്രദേശമാണ് മരുത്തോർവട്ടം. മറ്റു പ്രദേശങ്ങളിൽ ഉള്ളതുപോലെ തന്നെ 99 ലെ വെള്ളപ്പൊക്കം പോലുള്ള പ്രകൃതിദുരന്തങ്ങൾ ഇവിടെയും ബാധിച്ചു. നാടിന്റെ ഭൂപ്രകൃതി അനുസരിച്ച് തന്നെയായിരുന്ന പ്രദേശങ്ങളുടെ പേരുകളും കാവുകൾ,കാട്ടുകൾ,നിലങ്ങൾ ചിറകൾ എന്നീ സൂചന നൽകുന്ന പേരുകൾ ഇന്നും ഈ പ്രദേശത്ത് നിലനിന്നു പോകുന്നു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഭൂമിശാസ്ത്രപരമായി മരുത്തോർവട്ടം വളരെ പ്രത്യേകതകളുള്ള ഒരു പ്രദേശമാണ്. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് വേമ്പനാട്ട് കായലിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ചെറിയ ചെറിയ വെള്ളക്കെട്ടുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു കരപ്രദേശമാണ് മരുത്തോർവട്ടം. നിലങ്ങളാൽ സമ്പുഷ്ട മായിരുന്നു. മരുത്തോർവട്ടം. മറ്റ് പ്രദേശങ്ങളിലേതുപോലെ തന്നെ 99 ലെ വെള്ളപ്പൊക്കം പോലെയുള്ള പ്രകൃതിദുരന്തങ്ങൾ ഇവിടെയും ബാധിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. നാടിന്റെ ഭൂപ്രകൃതി അനുസരിച്ച് തന്നെയായിരുന്ന

പ്രദേശങ്ങളുടെ പേരുകളും കാവുകൾ, കാടുകൾ, നിലങ്ങൾ, ചിറകൾ എന്ന് സൂചന നൽകുന്ന പേരുകൾ ഇന്നും പ്രദേശത്ത് നിലനിന്നു പോകുന്നു. ഉദാ- പൊന്നരിക്കാട് വെളിപ്രദേശങ്ങൾ ധാരാളമായി ഉണ്ടായിരുന്നു. അങ്ങനെ ആയിരിക്കാം കണിയാൻ വെളി അന്നവെളി പോലുള്ള സ്ഥലനാമങ്ങൾ ഉണ്ടായത്.

**സ്ഥലനാമചരിത്രം**

ഏതുരോഗത്തിനും ഒരു തവണത്തെ മരുന്നുകൊണ്ട് മാറ്റാൻ കഴിവുണ്ടായിരുന്ന അഷ്ടവൈദ്യന്മാരിൽ പ്രധാനിയായിരുന്നു വെള്ളാട്ടു മൂസ്. പല അത്ഭുത രോഗ ചികിത്സ പ്രവർത്തികളും അദ്ദേഹത്തെ ചികിത്സാരംഗത്തെ ഉന്നതൻ എന്ന പ്രശസ്തിയേകി. ഒരു തവണത്തെ മരുന്നു പ്രയോഗത്തിലൂടെ ഏതൊരു മാറാ രോഗത്തെയും മാറ്റാൻ കഴിയുന്ന അദ്ദേഹത്തിന്റെ പ്രതിഭ പ്രശസ്തിയാർജ്ജിച്ചതിനോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ജന്മനാടും ആ പേരിൽ അറിയപ്പെടാൻ തുടങ്ങി. "മരുന്നൊരുവട്ടം " എന്ന സൂചന ഉൾക്കൊള്ളുന്ന പേര് പിന്നീട് വായ്മൊഴികളിലൂടെ ലോപിച്ച് " മരുത്തോർവട്ടത്തി" ലേക്കെത്തി. ശ്രീ.കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയുടെ 102-ാം അധ്യായത്തിൽ വെള്ളാട്ടു നമ്പൂതിരിയെ പറ്റിയും മരുത്തോർവട്ടത്തെപറ്റിയും പരാമർശിക്കുന്നുണ്ട്.

വെള്ളാട്ടു നമ്പൂതിരി

ഇപ്പോൾ പുലാമന്തോൾ മൂസ്സ്, കുട്ടഞ്ചേരി മൂസ്സ്, ആലത്തൂർ നമ്പി, പഴനെല്ലിപ്പുറത്ത് (തിശ്ശിവപേരൂർ), തേയ്ക്കാട്ടു മൂസ്സ്, എളേടത്ത് തൈയ്ക്കാട്ടു മൂസ്സ്, വയസ്കര മൂസ്സ് ഇങ്ങനെ എട്ടില്ലക്കാർ മാത്രമാണ് അഷ്ടവൈദ്യന്മാർ. ഒരു കാലത്ത് ശാഖോപശാഖകളായി വർദ്ധിച്ച് അവർ പതിനെട്ടില്ലങ്ങളായി തീർന്നിരുന്നു. അക്കാലത്ത് വെള്ളാട് നമ്പൂതിരിയും രണ്ടില്ലങ്ങളായിട്ടാണ് താമസിച്ചിരുന്നത്. അവയിൽ ഒന്ന് കൊച്ചി സംസ്ഥാനത്തെ ചാലക്കുടിയിലും മറ്റൊന്ന് എളങ്കുന്നപ്പുഴ എന്ന ദേശത്തുമായിരുന്നു. ചാലക്കുടിയിൽ താമസിച്ചവരെ ഉദയൂർ മൂസ്സ് എന്നും എളങ്കുന്നപ്പുഴെ താമസിച്ചിരുന്നവരെ അടിയാക്കൽ മൂസ്സ് എന്നുമാണ് പറഞ്ഞുവന്നിരുന്നത്.

ആ രണ്ടില്ലക്കാരും കൊല്ലം തൊള്ളായിരമാണ്ടിടയ്ക്ക് എന്തോ ചില കാരണങ്ങളാൽ ആ സ്ഥലങ്ങൾ വിട്ടു തിരുവിതാംകൂറിൽ വന്നു വൈക്കത്തും ചേർത്തല താലൂക്കിൽ മരുത്തോർവട്ടം എന്ന ദേശത്തും താമസമുറപ്പിച്ചു. അപ്പോൾ ആ രണ്ടില്ലക്കാരും അവരുടെ ഇല്ലപ്പേരും വെള്ളാട് ഇല്ലം എന്നാക്കി. അതിപ്പോൾ അങ്ങനെ തന്നെ ഇരിക്കുന്നു. ചില ഐതിഹ്യങ്ങളിൽ സൂചിപ്പിക്കുന്നതിൻ പ്രകാരം വൈക്കത്തപ്പന് ദഹനപ്രക്രിയ ശരിയാകാത്തതു മൂലം അതിനുള്ള ഔഷധം സേവിക്കുന്നതിന് വേണ്ടി അദ്ദേഹം ഒരു നമ്പൂതിരി വേഷത്തിൽ ദർശനം നൽകി തന്റെ ആവശ്യം അറിയിക്കുകയും, അതിൻ പ്രകാരം ക്ഷേത്രനടയിൽ മുക്കുടി സമർപ്പിച്ചു എന്നുമാണ് ഐതിഹ്യം. അങ്ങനെ ആണ്ടുതോറും ആറാട്ടിന്റെ പിറ്റേദിവസം വൈക്കത്തപ്പന് ഒരു മുക്കുടി നിവേദ്യം പതിവായി തീരുകയും ചെയ്തു. ഈ മുക്കുടി നിവേദ്യം അവിടെ ഇപ്പോഴും ആറാട്ടിന്റെ പിറ്റേദിവസം പതിവായി നടന്നുവരുന്നുണ്ട്. വൈക്കത്തുണ്ടായിരുന്ന വെള്ളാടില്ലത്ത് ആളുകൾ ക്രമേണ ക്ഷയിച്ച് അവസാനം ബാക്കിയായ ഒരു അന്തർജ്ജനം മരുത്തോർവട്ടം ഇല്ലത്തേക്ക് പോയി അവിടെ താമസമാക്കി. ചില ഐതിഹ്യങ്ങളിൽ സൂചിപ്പിക്കുന്നതിന്റെ പ്രകാരം വൈക്കത്തപ്പന് ദഹന.പ്രക്രിയ ശരിയാകാത്തതുമൂലം അതിനുള്ള ഔഷധം സേവിക്കുന്നതിന് വേണ്ടി ഒരു നമ്പൂതിരി വേഷത്തിൽ ദർശനം നൽകി തന്റെ ആവശ്യം അറിയിക്കുകയും അതിൻപ്രകാരം ക്ഷേത്രനടയിൽ മുക്കുടി സമർപ്പിച്ചു എന്നുമാണ് ഐതിഹ്യം. ദേവസ്വത്തിൽ നിന്ന് കൊടുത്തുവന്നിരുന്ന അനുഭവങ്ങളും ദേവസ്വം പരിഷ്കാരത്തോടു കൂടി കുറഞ്ഞുപോയി. എങ്കിലും ഇന്നും



തുടർന്ന് പോകുന്നു. വെള്ളാട് നമ്പൂതിരിക്കു കുടുംബ പരദേവതകളായി അനേകം മൂർത്തികളുണ്ട്. അവയിൽ പ്രാധാന്യം ധന്വന്തരിക്കാണ്. ഇതാണ് മരുത്തോർവട്ടം ശ്രീ ധന്വന്തരി ക്ഷേത്രം.വെള്ളാട് മൂസ്സിന്റെ വൈദ്യത്തിന്റെ പ്രാഗത്ഭ്യം തെളിയിക്കുന്ന പല കഥകളും നാട്ടിൽ പ്രചാരത്തിലുണ്ട്. അതിലൊന്നാണ് ആലത്തൂർ നമ്പിയുടെഭാഗിനേയായ ഒരു നമ്പൂതിരിയുടെ മാതുലപത്നിയായ അന്തർജ്ജനത്തിന്റെ കുഷ്ഠരോഗം മാറ്റിയ കഥ, തിളച്ചവെള്ളത്തിൽ പച്ചമരുന്നുകൾ ചേർത്ത് അതിൽ അന്തർജ്ജനത്തെ ഇട്ട് രോഗം പൂർണ്ണമായി ഭേദമാക്കിയ അത്ഭുതകഥഒരു വാണിയന്റെ ചാണകം പോകാതെയായിട്ട് നാല് ദിവസമായ പശുവിന്റെ വയറ്റിലകപ്പെട്ട ഉണ്ണി

മുരുക്കിൻ വടി കൊണ്ട് പുറത്തെടുത്ത കഥയും ഒരു അന്തർജ്ജനത്തിന്റെ മൂക്കിലുണ്ടായ ദശ ഇരുമ്പുകുഴയോട്ടു കൂടിയ ഈയട്ട കെട്ടിത്തൂക്കി വേരോടെ പറിച്ച കഥയും ഒക്കെ പ്രശസ്തമാണ്.പണ്ടുണ്ടായിരുന്ന വെള്ളാട് നമ്പൂതിരിമാർ ചികിത്സാസംബന്ധമായി ഇങ്ങനെ അനേകം അത്ഭുതകർമ്മങ്ങൾ ചെയ്തിട്ടുണ്ട്. അവയെല്ലാം പറഞ്ഞു തീർക്കുക അസാധ്യമാണ്. ഇതിൽ നിന്നു തന്നെ ആ ഇല്ലത്തുള്ളവർ അമാനുഷ്യ പ്രഭാവന്മാരായിരുന്നുവെന്ന് സ്പഷ്ടമാണ്.

**മരുത്തോർവട്ടം ശ്രീ ധന്വന്തരി ക്ഷേത്രം**

പണ്ട് ചേർത്തലയിലെ വയലാർ ദേശത്ത് പുതിയായ്ക്കൽ ഒരു തമ്പാൻ ഉണ്ടായിരുന്നു.അദ്ദേഹത്തെ സദാ അലട്ടിയിരുന്ന രോഗമായിരുന്നു ഉദരരോഗം. രോഗശമനത്തിന് അദ്ദേഹം വൈക്കം ക്ഷേത്രത്തിൽ ഭജനമിരുന്നു. ഭജന തീരുന്നതിന് തലേദിവസം രാത്രിയിൽ അദ്ദേഹത്തിന് സ്വപ്ന ദർശനം ഉണ്ടാവുകയും സ്വപ്നത്തിൽ വൈക്കത്തപ്പൻ അദ്ദേഹത്തിന് ചില നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. അതിൽ പ്രകാരം പിറ്റേദിവസംതന്നെ കേളൻ കുളത്തിലിറങ്ങി മുങ്ങിത്തപ്പി. ആദ്യം കിട്ടിയ വിഗ്രഹം കുളത്തിൽ ഉപേക്ഷിച്ച് രണ്ടാമത് കിട്ടിയ ധന്വ ന്തരി വിഗ്രഹവുമായി യാത്രതിരിച്ചു. അപ്പോൾ എതിരെവന്ന ശ്രേഷ്ഠനായ ബ്രാഹ്മണൻ വെള്ളാട് നമ്പൂതിരിക്ക് ആ വിഗ്രഹം നൽകുകയും വീണ്ടും തമ്പാൻ കുളത്തിൽ മുങ്ങി മൂന്നാമത്തെ വിഗ്രഹം എടുത്തുകൊണ്ടുപോയി സ്വദേശത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു ആ ക്ഷേത്രത്തിന് കേരളാദിത്യപുരം എന്ന് പേരിടുകയും ചെയ്തു.വെള്ളാട് നമ്പൂതിരി തനിക്ക് കിട്ടിയ അമൂല്യ വിഗ്രഹവുമായി മരുത്തോർവട്ടത്തുള്ള തന്റെ ഭവനത്തിൽ എത്തി വിഗ്രഹം പൂജാമുറിയിൽ സ്ഥാപിച്ച് പൂജകൾ ചെയ്തുപോന്നു.

അക്കാലത്താണ് മലബാറിൽ ടിപ്പു സുൽത്താന്റെ ആക്രമണമുണ്ടായത് . അങ്ങാടിപ്പുറത്ത് താമസിച്ചിരുന്ന ചിരട്ട മൺമൂസ് ടിപ്പുവിന്റെ പടപേടിച്ച് കുടുംബാംഗങ്ങളോടൊത്ത് കിട്ടാവുന്ന ധനവുമായി തിരുവതാംകൂറിൽ അഭയംതേടി. തിരുവിതാംകൂർ രാജാവ് അദ്ദേഹത്തെ വെള്ളാട് നമ്പൂതിരിയുടെ അടുക്കൽ ഇല്ലം കെട്ടി താമസിക്കുന്നതിന് അനുമതി കൊടുത്തു. വെള്ളാട് ഇല്ലത്തെ നിത്യസന്ദർശകനായ മൂസ് ഒരുനാൾ പൂജാ മുറിയിലിരിക്കുന്ന ധന്വന്തരിവിഗ്രഹം കാണുവാനിടയായി. തേജോമയമായ ആ വിഗ്രഹത്തിന്റെ ദർശന മാത്രയിൽ തന്നെ ചിരട്ടമൺമൂസ് മതി മറന്നു പോയി. ഇത്രയേറെ തേജസ്സുള്ള ഈ വിഗ്രഹം തങ്ങളുടെ പൂജാമുറിയിൽ വെച്ച് പൂജിക്കേണ്ടതല്ല എന്നും ഒരു അമ്പലം പണിത് അവിടെ പ്രതിഷ്ഠിച്ച് പൂജിക്കേണ്ടതാണെന്നും വെള്ളാട് നമ്പൂതിരിയോട് പറഞ്ഞു. എന്നാൽ വെള്ളാട് നമ്പൂതിരിക്ക് അപ്രകാരം ചെയ്യുന്നതിന് വേണ്ടത്ര സാമ്പത്തികസ്ഥിതി ഇല്ലായിരുന്നു. ഇതെല്ലാം അറിയാമായിരുന്ന മൂസ് 'അതെല്ലാം എനിക്ക് വിട്ടു തരൂ ഞാൻ അമ്പലം പണിത് പ്രതിഷ്ഠ നടത്തിച്ചു കൊള്ളാം അങ്ങ് ഒരു ദമ്പിടി പോലും മുടക്കേണ്ട' എന്നു പറഞ്ഞു.അങ്ങനെ ചിരട്ട മൺ മൂസ് ധന്വന്തിരി മൂർത്തിക്ക് ഒരു അമ്പലം പണിയുകയും വിധിയാംവണ്ണം പ്രതിഷ്ഠ നടത്തുകയുമുണ്ടായിഈ ക്ഷേത്രമാണ് ഇന്നറിയപ്പെടുന്ന മരുത്തോർവട്ടം ശ്രീ ധന്വന്തരീ ക്ഷേത്രം.

പിന്നീട് ഇരുവരും തെറ്റിയപ്പോൾ ചിരട്ട മൺമ്മൂസിന് ഭൂമി വിട്ടു കൊടുത്തു .ഇതിൽ തൃപ്തനാകാതെ ചിരട്ട മൺമൂസ് വിഗ്രഹത്തിന്റെ അമൃതകുംഭം ഉണ്ടായിരുന്ന കൈ അടർത്തി ഒളശ്ശയിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചു എന്നാണ് പഴമ. ( ഇവിടെ ഇപ്പോൾ വെള്ളികൊണ്ടുള്ള കയ്യാണ്.)

**വ്യക്തികൾ**

തികച്ചും അഷ്ടവൈദ്യകുലപതിമാരിൽ ഒരാളായ വെള്ളാട്ടുമൂസ്സിന്റെ പ്രഭാവം തന്നെയായിരുന്നു എടുത്തു പറയത്തക്ക വ്യക്തിത്വം.ആട്ടകല, ഗരുഡൻ പയറ്റ്, ഗുസ്തി, സാഹിത്യം എന്നീ മേഖലകളിലും മികവ് തെളിയിച്ചവർ ഈ പ്രദേശത്ത് ഉണ്ടായിരുന്നതായി വാമൊഴി സൂചിപ്പിക്കുന്നു. എഴുത്തുകാരനായ സി.എൻ കൃഷ്ണപിള്ള, ശങ്കരപിള്ള ഭാഗവതർ, ഗരുഡൻ തൂക്കത്തിൽ പ്രഗത്ഭനായിരുന്ന ആട്ടക്കാരൻ ശങ്കരപിള്ള എന്നിവർ നാട്ടിൽ പ്രശസ്തമായിരുന്നു.

**വികസനം**

രാജഭരണവുമായി ബന്ധപ്പെട്ട് പല കുടുംബങ്ങളും നിലനിന്ന് പോന്നിരുന്നതിനാൽ സാമ്പത്തിക ഭദ്രത നിലനിന്നിരുന്ന ഒരു പ്രദേശ മായിരുന്നു ഇവിടം. പ്രാദേശിക നായർ പ്രാമാണിത്വമുള്ള കുടുംബങ്ങൾ അവർക്ക് സ്വന്തമായുണ്ടായിരുന്ന ഭൂമിയിൽ പണിയാളന്മാരെ കൊണ്ട് കൃഷി ചെയ്യിപ്പിച്ച് പോന്നു. പ്രദേശത്തിന്റെ പ്രത്യേകതകളിൽ മറ്റൊന്ന് ഗ്രാമത്തിൽ തന്നെ ദൈനംദിന ജീവിതത്തിന് ആവശ്യമായ ഉപാധികളുണ്ടായിരുന്നു എന്നതാണ്. കുലത്തൊഴിലുകൾ ചെയ്ത് ഉപജീവനം കണ്ടെത്തിയിരുന്ന എല്ലാ വിഭാഗം ആൾക്കാരും ഈ പ്രദേശത്തുണ്ടായിരുന്നു എന്നത് പ്രദേശത്തിന്റെ പ്രൗഢിയെ വിളിച്ചോതുന്നു. മൂശാരിച്ചിറ, ആശാരിപറമ്പ്, കൊല്ലംപറമ്പ് എന്നീ പേരുകൾ സൂചിപ്പിക്കുന്നത് പ്രാദേശികമായി ഇത്തരം വിഭാഗങ്ങളുടെ സാന്നിദ്ധ്യം പ്രദേശത്തുണ്ട് എന്നുള്ളത് തന്നെയാണ്. ജ്യോതിഷം, വൈദ്യം തുടങ്ങിയവയിൽ പ്രാമുഖ്യം പുലർത്തിയിരുന്ന കുടുംബങ്ങളും നാട്ടിൽ നിലനിന്നിരുന്നു. ഇന്ന് നിലനിൽക്കുന്ന വെള്ളാപ്പള്ളി ക്ഷേത്രം അന്നത്തെ മൂശാരിച്ചിറ ആയിരുന്നു.

നാട്ടിലെ ഒരു പ്രമുഖനായിരുന്ന മണി ചേട്ടൻ എന്നറിയപ്പെടുന്ന പറവക്കൽ ബാങ്കരി രാമൻ നായർ 1957 ൽ സ്ഥാപിച്ച ടാഗോർ മെമ്മോറിയൽ യു.പി സ്കൂൾ പിന്നീടങ്ങോട്ട് നാടിന്റെ മറ്റൊരു മാറ്റത്തിന് കാരണമായി.

1972 ൽ കെ.വി.എം ആശുപത്രിയുടെ വരവോടെ ഗ്രാമത്തിന്റെ മുഖഛായ മാറി. ഡോ. വി.ഹരിദാസ് അദ്ദേഹത്തിന്റെ അച്ഛൻ ഫിലാന്ത്രോപ്പിസ്റ്റ് ശ്രീ വേലായുധന്റെ ഓർമ്മയിൽ സ്ഥാപിതമായതാണ് ഈ ആശുപത്രി.

# ഓർമ്മയിലെ ഓണം

ശ്രാവണമാസം വന്നു പിറന്നു
പൊന്നോണം വരവായ്
ഓരോ ചെടിയുടെ ചാരെയെത്തി
ഓണ സ്മൃതികളുണർത്തി
മാവേലി മന്നനെ വരവേൽക്കാനായി
അത്തം മുതൽ തിരുവോണംവരെയും
പൂക്കളമിടുന്നത് പതിവല്ലോ
കൂട്ടരുമൊത്താ കുന്നിൽ മുകളിൽ
പൂക്കളിറുത്ത് നടന്നീടവേ
പൂ പൊലി പൊലി പൂവേ പൊലി
ചൊല്ലി നടപ്പത് പതിവല്ലോ
പുഞ്ചിരി തൂകും തുമ്പപ്പൂവിനു തന്നേ
പൂക്കളിലേറ്റം പ്രാധാന്യം
ഉത്രാടത്തിൽ അച്ഛൻ നൽകീടുമോണപ്പുടവയുടുത്തിട്ട് ആഹ്ലാദത്തിൽ
ഊഞ്ഞാലാടി ഓണപ്പാട്ടുകൾ പാടി
അമ്മയൊരുക്കിയ ഓണസദ്യ നാക്കിലയിട്ട്
നിലത്തൊരുമിച്ചുണ്ടതുമെല്ലാം
ഓർക്കുമ്പോൾ ഇല്ല, വരില്ലിനിയിങ്ങനെയൊരു നാൾ എന്നറിയാമെന്നാലും
പൊന്നോണത്തിൻ വേളയിലെല്ലാം
ഓർമ്മയിലെത്തും പതിവാ



**ഋതിക എം ആർ IX B**

# Seven Rules in Our Life



AYANA PRASAD IX A

Life is very beautiful
Life is an imaginary world
we have seven rules in our Life
1. Let it go

Never run a good day by thinking about a bad yesterday

2. Ignore them

Don't listen to other people. Live a life that's empowering to you

3. Give it time

Time heals everything

4. Don't compare

The only person you should try to beat is the person you were yesterday

5.stay calm

It's okay not to have everything figured out. Know that in time , you're get there

6. It's on you

Only you are in charge of your happiness.


7. Smile

Life is short. Enjoy it while you have it.

We are the small birds in this world. Life is a short and beautiful journey. When we born to earth there is a starting to our life.

When we are died there is an ending of our life. The between of life and ending life there is a mid point. That we can live happily in this world!

# ചിത്രജാലകം













സൂര്യഗായത്രി 9 A






ശിവശങ്കരി പി ജി ,5 B







സൂരജ് 3 C



ഗോഡ് വിൻ 10 C













അഞ്ജന കൃഷ്ണ എം കെ

+1 സയൻസ്


അരുണിമ എസ്
+1 സയൻസ്


Govt. D V H S S
Charamangalam
2020-21 അദ്ധ്യയന വർഷത്തെ
NMMS
സ്കോളർഷിപ്പ് നേടിയ ഞങ്ങളുടെ
മിന്നും താരങ്ങൾ
DEVANARAYAN A.
BRINDHA S.
GOWRI AKBAR
ഒരായിരം അഭിനന്ദനങ്ങൾ


Govt. D V H S S
Charamangalam
2020-21 അദ്ധ്യയന വർഷത്തെ
LSS
സ്കോളർഷിപ്പ് നേടിയ ഞങ്ങളുടെ കുഞ്ഞുമക്കൾക്ക്
അഭിനന്ദനങ്ങൾ
DEVANANDHAN H.
ASHIKA MANOJ
SREEHARI S.
ABHINAV KRISHNA A.
DERSHIKA K.D.
ADHYA A.S.
MADHAV SUJITH
ARYANANDA BIJU
BINI P.
ABHIRAMI BIJU
DHANALAKSHMI U.M.
KALIDASAN S.
PRANOY BALAJI
VIMALSAD

# നന്ദി


യു എസ് എസ് സ്ക്കോളർഷിപ്പ്
ജേതാക്കൾ-2021
ഗൗരിദേ വി
കൃഷ്ണപ്രിയ കെ എസ്
ബ്രിന്ദ എസ്
ശ്രീനന്ദ ഷോബി
അശ്വതി കാളിദാസ് എൽ